07
2025
ജൂൺ
ശനി
ഇടവം 24

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.158 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-158 | പേജ് 4. വില 2.00 രൂപ




02 വികസിത കേരളത്തിലൂടെ മാത്രമേ വികസിത ഭാരതം പൂർണമാകൂ: ഗവർണർ

03 മൈക്രോപ്ലാസ്റ്റിക്ക് വ്യാപനം കുറയ്ക്കാൻ തുടർച്ചയായ പരിശോധന

04 ഭവന–വാഹന വായ്പാ പലിശ കുറയും; റിപ്പോ നിരക്ക് കുറച്ച് ആർബിഐ

# മൽസ്യമേഖലയിൽ ആശയക്കുഴപ്പം

**യേശുദാസ് വില്യം**

കൊല്ലം: കേരള തീരത്ത് ട്രോളിംഗ് നിരോധനം തുടങ്ങുവാൻ മൂന്നു നാളുകൾ ശേഷിക്കേ തീരമേഖലയിൽ തൊഴിലിനും,മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കും മൽസ്യത്തൊഴിലാളികൾക്ക് കടുത്ത ആശയക്കുഴപ്പം.മൺസൂണിന്റെ കടൽക്ഷോഭത്തോടൊപ്പം കപ്പൽ മുങ്ങിത്താണ് തീരക്കടലിന്റെ അടിത്തട്ടിലിരിക്കുന്നതും പ്രതിസന്ധിയുടെ തീവ്രത ഏറ്റുന്നു.നിരോധനകാലത്തിനു തൊട്ടുമുൻപു ട്രോളിംഗ് ബോട്ടുകൾക്കു ലഭിക്കുന്ന ക്യാച്ചിംഗ് ഇത്തവണ കിട്ടിയില്ലന്നു മാത്രമല്ല ഒരുമാസത്തെ യാനങ്ങളുടെ നടത്തിപ്പ് ഇവരെ സാമ്പത്തീക കടക്കെണിയിലാക്കിയിരിക്കുന്നു. റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് ഭൂരിഭാഗം യാനങ്ങളും കടലിലാണ്.പരമാവധി രണ്ടു ദിവസത്തെ ഫിഷിംഗ് കഴിഞ്ഞെത്തുമ്പോൾ ലഭിക്കുന്ന ക്യാച്ചിങ്ങിലാണ് ട്രോളിംഗ് ബോട്ടുകളുടെ പ്രതീക്ഷ.






ട്രോളിംഗ് ബോട്ടും; ഇൻ ബോർഡ് വള്ളവും

മുങ്ങിയ കപ്പലും അതിനുള്ളിലെ രാസവസ്തുക്കളെക്കുറിച്ചും സമൂഹമാധ്യമങ്ങളിലൂടെയും,ചാനലുകളിലൂടെയുമൊക്കെ വരുന്ന വാർത്തകൾ ഇടിത്തീ പോലെയാണ് മൽസ്യത്തൊഴിലാളി മേഖല കേൾക്കുന്നത്.മൽസ്യ ഉപയോഗത്തെ സംബന്ധിച്ചു പടച്ചു വിടുന്ന വ്യാജവാർത്തകൾ ബാധിക്കുന്നത് മൽസ്യത്തൊഴിലാളികളെ തന്നെയാണ്.മികച്ച വിലയുള്ള മൽസ്യങ്ങൾ കുറഞ്ഞ വിലക്കു വാങ്ങിയെടുക്കുവാനുള്ള അവസരമായി കച്ചവടക്കാർ ഈ പ്രത്യേക സാഹചര്യത്തെ ഉപയോഗിക്കുന്നുവെന്നു കൊല്ലത്തെ ബോട്ട് ഓപ്പറേറ്റേഴ്സ് അസ്സോസ്സിയേഷന്റെ ഭാരവാഹികൾ പറയുന്നു. ഇതൊന്നും ചോദിക്കാനും പറയാനും ആരുമില്ലാത്ത സ്ഥിതിയാണ്.കടലിൽ കപ്പലുമുങ്ങിയാലും,കരയിൽ ഹർത്താലുവന്നാലും 'പണികിട്ടുന്ന' കേരളത്തിലെ ഏക വ്യവസായ സമൂഹമാണ് മൽസ്യബന്ധന മേഖലയെന്ന് ബോട്ട് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ ഭാരവാഹിയുമായ ചാത്തോലിൽ അലക്സ് ആലോഷ്യസ് പറയുന്നു.

കൊല്ലം,ആലപ്പുഴ മേഖലകളിൽ പതിയിരിക്കുന്ന മുങ്ങിയ കപ്പലിലെ ശേഷിക്കുന്ന കണ്ടെയ്നറുകളും മറ്റും ഉയർത്തുന്ന പ്രതിസന്ധി ചെറുതല്ല.ഇതിനോടകം തന്നെ നൂറുകണക്കിനു ബോട്ടുകള്ടെ വലയും ബോഡും,സ്റ്റീൽ വയർറോപ്പുകളും നഷ്ടമായിരിക്കുന്നു. ഇതു കനത്ത ആഘാതമാണ്. ഇതിനൊക്കെ ആരു നഷ്ടപരിഹാരം തരും. സർക്കാർ പറയുന്നതു ഞങ്ങൾ അനുസരിക്കുന്നു.ചെറിയ പിഴവുകൾക്കു പോലും ബോട്ടുകളിൽ നിന്നും ഈടാക്കുന്ന പിഴ രണ്ടര ലക്ഷമാണ്.ഇത്തരം പിഴകൾ നേരിട്ട നൂറുകണക്കിനു ട്രോളിംഗ് ബോട്ടുകൾ കൊല്ലത്തുണ്ട്.രണ്ടരലക്ഷം രൂപ പിഴ ബോട്ടിന്റെ മതിപ്പു വിലയെക്കാൾ കൂടുതലാണന്നും ഇവർ പറയുന്നു.ഏന്നാൽ തിരിച്ചു എന്തു സൗകര്യങ്ങളാണ് സർക്കാർ വിദേശനാണ്യം നടിത്തരുന്ന ഈ മേഖലക്കായി ചെയ്തു തരുന്നതെന്നും കടലിലെ ആശങ്കകൾ ചൂണ്ടിക്കാട്ടി ഇവർ ചോദിക്കുന്നു.

## മുതിർന്ന കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ള അന്തരിച്ചു



കൊല്ലം: മുതിർന്ന കോൺഗ്രസ് നേതാവും മുൻ കെപിസിസി അധ്യക്ഷനുമായ തെന്നല ബാലകൃഷ്ണപിള്ള അന്തരിച്ചു. 95 വയസായിരുന്നു. വാർധക്യ സംബന്ധിയായ അസുഖങ്ങളെ തുടർന്ന് തിരുവനന്തപുരം അനന്തപുരി ആശുപതിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. മൃതദേഹം തിരുവനന്തപുരം നെട്ടയം മുക്കോലയിലെ വസതിയിലേക്ക് കൊണ്ടുപോകും.

അടൂരിൽനിന്ന് രണ്ടുതവണ നിയമസഭയിലെത്തിയ തെന്നല മൂന്നു തവണ രാജ്യസഭാ എംപി, രണ്ടു തവണ കെപിസിസി പ്രസിഡൻറ് തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ ശൂരനാട് ഗ്രാമത്തിൽ തെന്നല എൻ.ഗോവിന്ദപിള്ളയുടേയും ഈശ്വരിയമ്മയുടേയും മകനായി 1931 മാർച്ച് 11നാണ് ജനനം. തിരുവനന്തപുരം എംജി കോളജിൽ നിന്ന് ബിഎസ്സിയിൽ ബിരുദം നേടി.

കോൺഗ്രസിൻറെ പുളിക്കുളം വാർഡ് കമ്മറ്റി പ്രസിഡൻറായി രാഷ്ട്രീയ ജീവിതം ആരംഭിച്ച തെന്നല ബാലകൃഷ്ണപിള്ള പിന്നീട് കുന്നത്തൂർ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടേയും ശൂരനാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടേയും പ്രസിഡൻറായും പ്രവർത്തിച്ചു. പിന്നീട് കൊല്ലം ഡിസിസിയുടെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1972 മുതൽ അഞ്ചുവർഷത്തോളം ചുമതല വഹിച്ചു.

1962 മുതൽ കെപിസിസി അംഗമാണ്. 1977ലും 1982ലും അടൂരിൽ നിന്ന് നിയമസഭാംഗമായി. 1967, 1980, 1987 വർഷങ്ങളിൽ നടന്ന നിയമസഭ തെരഞ്ഞെടുപ്പിൽ അടൂരിൽ നിന്ന് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1991ലും 1992ലും 2003ലും രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

കൊല്ലം ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡൻറായും സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡൻറായും പ്രവർത്തിച്ചു. സതീദേവിയാണ് ഭാര്യ. മകൾ: നീത.

## മൺസൂൺ കാലത്തെ ട്രോളിംഗ് നിരോധനം പു:നക്രമീകരിക്കണം



കൊല്ലം: ഇരുപത്തഞ്ചു കൊല്ലത്തിലേറെയായി കേരള തീരത്ത് ആചരം പോലെ സർക്കാർ നടപ്പിലാക്കുന്ന ട്രോളിംഗ് നിരോധനം പു:നക്രമീകരിക്കണമെന്നു കൊല്ലത്തെ തലമുതിർന്ന മൽസ്യത്തൊഴിലാളിയും യന്ത്രവൽകൃത ട്രോളിംഗ് മൽസ്യബന്ധനത്തിലെ ജീവിച്ചിരിക്കുന്ന പാഠപുസ്തകവുമായ ചാർളി ജോസഫ്.കേരളത്തിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടായി മൽസ്യസമ്പത്തു വർദ്ധിപ്പിക്കുന്നതിനും,മൽസ്യത്തിന്റെ പ്രജനന കാലവുമായി ബന്ധപ്പെട്ടു എല്ലാക്കൊല്ലവും നടപ്പിൽ വരുത്തുകയും യന്ത്രവൽകൃതമൽസ്യമേഖല എതാണ്ട് ഉൾക്കൊള്ളുകയും ചെയ്തുപോന്ന നിരോധന കലയളവാണ് പുനക്രമീകരിക്കണമെന്നു കൊല്ലം ജില്ലാ ഫിഷിംഗ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ പ്രസിഡന്റെു കൂടിയായ ചാർളി ജോസഫ് ആവിശ്യപ്പെടുന്നത്. നിരോധനം കൊണ്ടു എന്തു നേടി?,നിരോധനം തുടങ്ങിയ കാലത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ഇന്നത്തെ നിലയെന്താണ് ?,അവരുടെ മാറിയ മൽസ്യബന്ധന രീതികൾ,വലകൾ ഉൾപ്പടെയെല്ലാം പഠന വിഷയമാക്കിക്കതൊണ്ടു കാലാനുസൃതമായി മാറ്റം കൊണ്ടുവരണമെന്നും ചാർളി ജോസഫ് പറയുന്നു. ട്രോളിംഗ് നിരോധനത്തിനെതിരെ വർഷങ്ങളായി നിയമപോരാട്ടവും,കടലറിവും അനുഭവ പരിജ്ഞാനവും കൊണ്ടും ഒറ്റയാൾ പോരാട്ടവും നടത്തുന്ന മൽസ്യത്തൊഴിലാളി കൂടിയാണ് ചാർളി ജോസഫ്.

ജൂൺ,ജൂലൈ മാസത്തിലെ നാൽപ്പത്തിയേഴു ദിവസത്തെ ട്രോളിംഗ് നിരോധനത്തിനു പകരം നവംമ്പർ മുതൽ ഫെബ്രുവരിവരെ നാലുമാസം(120 ദിവസം) ദൈർഘ്യമുള്ള ട്രോളിംഗ് നിരോധനം കൊണ്ടുവരണമെന്നാണ് ഈ മേഖലയിൽ അനുഭവ സമ്പത്തുകൊണ്ടുപരിണിത പ്രജ്ഞനായ ചർളി ജോസഫ് തെളിവുകൾ സഹിതം കേന്ദ്ര,സംസ്ഥാന സർക്കാരുകൾക്കു മുൻപിൽ ബദൽ നിർദ്ദേശം വെക്കുന്നത്.തെക്കു പടിഞ്ഞാറൻ മൺസൂണിനൊപ്പം സഞ്ചരിച്ചു വരുന്ന കരിക്കാടിയും,കണവയും ഉൾപ്പടെയുള്ള മൽസ്യജാലങ്ങളെ പിടിക്കുവാൻ അനുവദിച്ചാൽ കേരളത്തിനു നാൽപതിനായിരം(40000)യിരം കോടി മുതൽ അൻപതിനാ(50000)യിരം കോടി രൂപയുടെ അധിക മൽസ്യ സമ്പത്ത് നേടിയെടുക്കുവാനാവും.ബംഗാൾ ഉൾക്കടലിലേക്കുള്ള മൽസ്യ കൂട്ടങ്ങളുടെ പലായന കാലത്ത് ഇതിനെ പിടിച്ചെടുക്കേണ്ട യാനങ്ങൾ കൂച്ചുവിലങ്ങിട്ടു നിർത്തിയിരിക്കുകയാണന്നും ഇക്കാര്യം പഠനവിഷയമാക്കി കാലാനുസൃതമാറ്റം കൊണ്ടു വരണമെന്നും ഇദ്ദേഹം പറയുന്നു.പരമ്പരാഗത,യന്ത്രവൽകൃത വള്ളങ്ങൾക്കായും കൃത്യമായ നിർദ്ദേശങ്ങളും ചാർളി ജോസഫ് കണ്ടെത്തിയിട്ടുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തിയ റിപ്പോർട്ട് കേന്ദ്ര,കേരള സർക്കാരുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ചാർളി ജോസഫ് പറഞ്ഞു.കേന്ദ്ര ഫിഷറീസ് വകുപ്പ് ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെടുകയും തുടർ നടപടികൾ കൈക്കൊള്ളുമെന്നു ഉറപ്പുനൽകിയെന്നും ചാർളിജോസഫ് രേഖകൾ സഹിതം ചൂണ്ടിക്കാട്ടുന്നു.

## വിഴിഞ്ഞം ബാലരാമപുരം ഭൂഗർഭ റെയിൽപാത; നിർമാണം

വിഴിഞ്ഞം : വിഴിഞ്ഞം തുറമുഖത്തെ പ്രധാന റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽപാതയുടെ നിർമാണത്തിനായി ടെൻഡർ നടപടികളിലേക്ക് കടന്നു. ടെൻഡർ ഡോക്യുമെന്റ് കൊങ്കൺ റെയിൽ കോർപറേഷൻ വിസിൽ അധികൃതർക്ക് കൈമാറിയതായി ബന്ധപ്പെട്ടവർ അറിയിച്ചു. ഈ മാസം ടെൻഡർ ക്ഷണിക്കുമെന്നാണ് വിവരം. കൊങ്കൺ റെയിൽ കോർപറേഷൻ ലിമിറ്റഡിന് നിർമാണച്ചുമതലയുള്ള പദ്ധതി 2028 ഡിസംബറിനുള്ളിൽ പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപനം.

പാതയുടെ നിർമാണം ഒരേസമയം മൂന്നിടങ്ങളിൽ തുടങ്ങും. തുറമുഖത്തിനു സമീപം ടണൽ ആരംഭിക്കുന്ന കോട്ടപ്പുറം ഭാഗത്ത് പ്രാദേശികമായി തർക്കം നിലനിൽക്കുന്നതിനാൽ തൽക്കാലം ഈ ഭാഗം ഒഴിവാക്കിയാകും നിർമാണം ആരംഭിക്കുക. ബാലരാമപുരം ഭാഗത്തുനിന്ന് ഒരു സംഘം നിർമാണം തുടങ്ങും. പാതയുടെ അലൈൻമെന്റിന് മധ്യഭാഗത്തായി വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി(വിസിൽ) ഏറ്റെടുത്ത സ്ഥലത്തുനിന്ന് താഴേക്ക് ആഴത്തിൽ കുഴിയുണ്ടാക്കിയ ശേഷം വിഴിഞ്ഞം ഭാഗത്തേക്കും ബാലരാമപുരം ഭാഗത്തേക്കും തുരങ്കം നിർമിക്കും.





ബ്രിക്‌രാജീവ് ഗാന്ധി സെൻററർ ഫോർ ബയോടെക്നോളജി (ആർജിസിബി) യുമായി സഹകരിച്ച് വിജ്ഞാനഭാരതി സംഘടിപ്പിച്ച കേരള @ 2047 എന്ന സെഷനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സംസാരിക്കുന്നു. വിജ്ഞാന ഭാരതി പ്രസിഡൻറും സിഎസ് ഐആർ മുൻ ഡിജിയും ഡിഎസ്ഐആർ സെക്രട്ടറിയുമായ ഡോ. ശേഖർ സി മാൻഡേ വേദിയിൽ.

# വികസിത കേരളത്തിലൂടെ മാത്രമേ വികസിത ഭാരതം പൂർണമാകൂവെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ

### ആർജിസിബിയിൽ കേരള @ 2047 എന്ന സെഷനിൽ ഗവർണർ പ്രഭാഷണം നടത്തി

തിരുവനന്തപുരം: വികസിത കേരളത്തിലൂടെ മാത്രമേ വികസിത ഭാരതം പൂർണമാകൂവെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. രാജ്യത്തിൻറെ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ കേരളത്തെ സജ്ജമാക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കാൻ വിജ്ഞാന സമൂഹം കൂട്ടായ ശ്രമങ്ങൾ നടത്തണമെന്നും ഗവർണർ പറഞ്ഞു.

ബ്രിക്‌രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ആർജിസിബി) യുമായി സഹകരിച്ച് വിജ്ഞാനഭാരതി ആക്കുളത്തെ ആർജിസിബി കാമ്പസിൽ സംഘടിപ്പിച്ച കേരള @ 2047 എന്ന സെഷനിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വികസിത് ഭാരത് എന്ന ലക്ഷ്യത്തിൽ സാമ്പത്തിക ശക്തിയായി മാത്രമല്ല രാജ്യം വികസിക്കേണ്ടതെന്ന് ഗവർണർ പറഞ്ഞു. വിജ്ഞാന സമ്പദ് വ്യവസ്ഥയിലും പരമ്പരാഗത മൂല്യങ്ങളിലും ഊന്നിനിന്നു കൊണ്ടുള്ള വികസനം സാധ്യമാകണം. രാജ്യത്തിൻറെ മുന്നേറ്റത്തിൽ പൗരൻമാർക്ക് പ്രധാന പങ്കുണ്ട്. വികസനം മാനവിക കേന്ദ്രീകൃതമാകണമെന്നും ഗവർണർ ചൂണ്ടിക്കാട്ടി.

അമൃത് കാലത്തിൽ ആത്മനിർഭാരത് എന്ന ലക്ഷ്യത്തിലേക്ക് രാജ്യം മുന്നേറുകയാണെന്നും ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഓരോ സംസ്ഥാനവും അർത്ഥവത്തായ സംഭാവനകൾ നൽകേണ്ടതുണ്ട്. സംസ്ഥാനത്തെ വിജ്ഞാന സമൂഹം, പ്രത്യേകിച്ച് ഗവേഷണ വികസന മേഖലയിലെ പ്രമുഖർ കേരളത്തിൻറെ സാമൂഹികസാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ വിവിധ വശങ്ങളിലേക്ക് ആഴത്തിൽ കടന്നുചെല്ലണം. ദേശീയ മുൻഗണനകൾക്ക് അനുസൃതമായി വരും ദശകങ്ങൾക്കുള്ള ഒരു മാർഗരേഖ വികസിപ്പിക്കുന്നതിന് വെല്ലുവിളികളും അവസരങ്ങളും അവർ പരിശോധിക്കണമെന്നും ഗവർണർ കൂട്ടിച്ചേർത്തു.

സിഎംഎഫ്ആർഐയുടെ പരിശീലന പരിപാടിയായ 'അഡ്വാൻസിംഗ് ഇന്ത്യാസ് ബ്ലൂ ഇക്കണോമി: ദ റോൾ ഓഫ് ഫിഷറീസ് സെക്ടറി'ൻറെ റിപ്പോർട്ട് ചടങ്ങിൽ ഗവർണർ പ്രകാശനം ചെയ്തു.

വിജ്ഞാന ഭാരതി പ്രസിഡൻറും സിഎസ് ഐആർ മുൻ ഡിജിയും ഡിഎസ്ഐആർ സെക്രട്ടറിയുമായ ഡോ. ശേഖർ സി മാൻഡേ അധ്യക്ഷത വഹിച്ചു. ഗവേഷണവികസന മേഖലയിലെ പ്രമുഖർ, അക്കാദമിക വിദഗ്ധർ, ചിന്തകർ തുടങ്ങിയവർ 2047 ലെ കേരളത്തിൻറെ സുസ്ഥിര വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് പങ്കുവയ്ക്കുകയാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ശേഖർ സി മാൻഡേ പറഞ്ഞു.

സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ, വിഎസ്എസ്ഇ ഡയറക്ടർ ഡോ. എസ്. ഉണ്ണികൃഷ്ണൻ നായർ, ഐസിഎആർസിടിസിആർഐ ഡയറക്ടർ ഡോ. ജി. ബൈജു, എംഇഎസ്എൻസിഇഎസ്എസ് ഡയറക്ടർ പ്രൊഫ. എൻ.വി ചലപതി റാവു, ആർജിസിബി സീനിയർ സയൻറിസ്റ്റ് ഡോ. ടി.ആർ സന്തോഷ്കുമാർ, ഐസിഎആർസിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, എന്നിവർ വിഷൻ കേരള @ 2047 എന്ന വിഷയത്തിൽ അവതരണങ്ങൾ നടത്തി.

## ആറളത്ത് കാട്ടാനയിറങ്ങി കുടിലുകൾ തകർത്തു; ഗർഭിണി ഉൾപ്പെടെ രണ്ടു സ്ത്രീകൾക്കു പരിക്ക്

ഇരിട്ടി: ആറളം ഫാം പുനരധിവാസ മേഖലയിൽ കാട്ടാനയിറങ്ങി മൂന്ന് കുടിലുകൾ തകർത്തു. ഓടിരക്ഷപ്പെടുന്നതിനിടെ ഗർഭിണി ഉൾപ്പെടെ രണ്ടു സ്ത്രീകൾക്കു പരിക്കേറ്റു. ഗർഭിണിയായ അശ്വതി, ലീന എന്നിവർ അത്ഭുതകരമായാണ് ആനയുടെ തുമ്പികൈക്ക് മുന്നിൽനിന്ന് രക്ഷപ്പെട്ടത്.

പുനരധിവാസ മേഖലയിലെ ബ്ലോക്ക് ഒൻപതിൽ പൂക്കുണ്ട് മേഖലയിലായിരുന്നു ഇന്നുപുലർച്ചെ അഞ്ചോടെയായിരുന്നു കാട്ടാനയുടെ ആക്രമണം. പൂക്കുണ്ടിലെ ഷീന നാരായണൻ, ലീന, തങ്കമ്മ എന്നിവർ താമസിക്കുന്ന കുടിലുകളാണ് ആന തകർത്തത്.

തകർന്ന ആനമതിലിനോട് ചേർന്നുള്ള വന്യജീവി സങ്കേതത്തിൽ നിന്നിറങ്ങിയ ആനയാണ് ആക്രമണം അഴിച്ചുവിട്ടത്. പുറത്തിറങ്ങിയ രണ്ട് ആനകളിൽ ഒരാനയാണ് കുടിലിനുനേരേ ആക്രമണം നടത്തിയത്. ആന കുടിലിന് നേരേ തിരിഞ്ഞതോടെ ഓടിരക്ഷപ്പെടുന്നതിനിടയിലാണ് ലീനയ്ക്കും ഗർഭിണിയായ ബന്ധുവിനും പരിക്കേറ്റത്.

അശ്വതിയുടെ ചെവിക്ക് സമീപത്തായാണ് പരിക്ക്. പരിക്കേറ്റ രണ്ടുപേരെയും പേരാവൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് ഗർഭിണിയെ കൂടുതൽ ചികിത്സയ്ക്കായി കണ്ണൂരിലേക്ക് മാറ്റി. ഇതോടെ മൂന്നുമാസത്തിനുള്ളിൽ പുനരധിവാസ മേഖലയിൽ കാട്ടാന തകർക്കുന്ന പതിനാലാമത്തെ വീടാണിത്.

## അടിമാലിയിൽ കാൻസർ രോഗബാധിതയെ കെട്ടിയിട്ട് പണം കവർന്നു

ഇടുക്കി: അടിമാലിയിൽ കാൻസർ രോഗബാധിതയെ കെട്ടിയിട്ട് പണം കവർന്നതായി പരാതി. വിവേകാനന്ദ നഗർ സ്വദേശി കളരിക്കൽ ഉഷ സന്തോഷിനെയാണ് കട്ടിലിൽ കെട്ടിയിട്ട് വായിൽ തുണി തിരുകിയ ശേഷം പണം കവർന്നത്.

വീട്ടിലുണ്ടായിരുന്ന 16000 രൂപയാണ് നഷ്ടമായത്. ഇന്ന് രാവിലെ ഏഴോടെയാണ് സംഭവം. കീമോതെറാപ്പിക്ക് ശേഷം വീട്ടിൽ വിശ്രമിക്കുകയായിരുന്നു ഇവർ.

വീട്ടിൽ മറ്റാരുമില്ലാതിരുന്ന സമയത്തായിരുന്നു മോഷണം. അയൽവാസികൾ ഇവരെ അന്വേഷിച്ച് വീട്ടിലെത്തിയപ്പോഴാണ് കട്ടിലിൽ കെട്ടിയിട്ട നിലയിൽ കണ്ടെത്തിയത്. ഉടനെ അടിമാലി പോലീസിൽ വിവരമറിയിക്കുകയായിരുന്നു.

കാൻസർ ബാധിതയായി ഏറെ നാളായി ചികിത്സയിലായിരുന്നു ഇവർ. ഉഷയും ഭർത്താവും മകളും മാത്രമാണ് വീട്ടിലുള്ളത്. നാട്ടുകാർ ചേർന്നാണ് ഇവരുടെ ചികിത്സയ്ക്കാവശ്യമായ പണം പിരിച്ചുനൽകിയത്. ഈ തുകയുൾപ്പെടെയാണ് മോഷണം പോയത്.

## ബ്ളോക്ക്പഞ്ചായത്ത് വാർഡ് വിഭജനം : ജൂൺ 10 വരെ പരാതി നൽകാം

സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ പുനർവിഭജിച്ചു കൊണ്ടുള്ള കരട് വിജ്ഞാപനത്തിൽ ആക്ഷേപങ്ങൾ സമർപ്പിക്കാനുള്ള അവസാനതീയതി ജൂൺ 10 ലേക്ക് നീട്ടി.

ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്കോ നേരിട്ടോ രജിസ്ടേർഡ് തപാലിലോ നൽകാം. ആക്ഷേപങ്ങൾക്കൊപ്പം ഏതെങ്കിലും രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം.

ഡീലിമിറ്റേഷൻ കമ്മീഷന്റെ വിലാസം : സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ, കോർപ്പറേഷൻ ബിൽഡിംഗ് നാലാം നില, വികാസ്ഭവൻ പിഒ, തിരുവനന്തപുരം – 695033 ഫോൺ: 0471–2335030.

നിർദ്ദിഷ്ട ബ്ളോക്ക്പഞ്ചായത്ത് വാർഡിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകളും ജനസംഖ്യയും ഭൂപടവും ആണ് കരട് വിജ്ഞാപനത്തോടൊപ്പമുള്ളത്. കരട് വിജ്ഞാപനം അതത് തദ്ദേശസ്ഥാപനങ്ങളിലും ജില്ലാ കളക്ടറേറ്റുകളിലും, വ്വേ:// delimitation.lsgkerala.gov.in, https://sec.kerala.gov.in sh ബ് സൈറ്റുകളിലും പരിശോധിക്കാം.

## ട്രെയിനർ/കോച്ച് അഭിമുഖം

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാദമി/ കേന്ദ്രങ്ങളിൽ കരാർ അടിസ്ഥാനത്തിൽ കോച്ച്/ ട്രെയിനർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഫുട്ബോൾ, ഫെൻസിങ്, ജൂഡോ, ഗുസ്തി, ഹോക്കി, ബാസ്കറ്റ്ബോൾ, വോളിബോൾ, തായ്ക്വോണ്ടോ കായിക ഇനങ്ങളിലാണ് നിയമനം. കോച്ച് തസ്തികയ്ക്ക് അപേക്ഷിക്കുന്നവർ എൻ.ഐ.എസിൽ നിന്നുള്ള ഒരു വർഷത്തെ റെഗുലർ ഡിപ്ലോമയും അംഗീകൃത ബിരുദവും ഉണ്ടായിരിക്കണം. ട്രെയിനർ തസ്തികയ്ക്ക് പ്ലസ് ടു ആണ് യോഗ്യത. പ്രായപരിധി 45 വയസ്സ്. യോഗ്യരായവർ ജൂൺ 11ന് രാവിലെ 10ന് തിരുവനന്തപുരത്തെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഓഫീസിൽ ബന്ധപ്പെട്ട രേഖകളുടെ അസലും പകർപ്പുമായി അഭിമുഖത്തിന് ഹാജരാകണം.

## കെ. സി. വേണുഗോപാൽ ദേശീയപാത നിർമാണത്തിന്റെ കാലൻ: മന്ത്രി റിയാസ്

ന്യൂഡൽഹി: കെ. സി. വേണുഗോപാൽ ദേശീയപാത നിർമാണത്തിന്റെ കാലനെന്ന് പൊതുമരാമത്ത് മന്ത്രി പി. എ. മുഹമ്മദ് റിയാസ്. ദേശീയപാത നിർമാണത്തിനിടെ ദൗർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടായപ്പോൾ അത് സർക്കാരിനെ അടിക്കാനുള്ള വടിയായി യുഡിഎഫ് ഉപയോഗിക്കുകയാണ്. അതിൽ മുൻപന്തിയിൽ നിൽക്കുന്നയാളാണ് വേണുഗോപാലെന്ന് മന്ത്രി പറഞ്ഞു.

നിർമാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചുപോകണം. അല്ലാതെ പ്രവൃത്തി മുന്നോട്ടുപോകേണ്ടതില്ലെന്ന തീരുമാനമെടുക്കരുത്.

വേണുഗോപാൽ കാലന്റെ പണിയെടുക്കാൻ നോക്കിയാലും പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകും. യുഡിഎഫ് ഭരിച്ചപ്പോൾ നടപ്പാക്കാൻ കഴിയാത്ത പദ്ധതി മുടക്കാനാണ് ശ്രമം. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## വിദ്യാർഥിനിയെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

പാലക്കാട്: വിദ്യാർഥിനിയെ വീടിനുള്ളിൽ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. പാലക്കാട് നല്ലേപ്പിള്ളി ഒലിവുംപൊറ്റയിൽ സെൽഫിന്റെ മകൾ സമൃതയേയാണ് വീടിനകത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. പത്താം ക്ലാസ് കഴിഞ്ഞ് പ്ലസ്‌വൺ പ്രവേശനത്തിനായി കാത്തിരിക്കുകയായിരുന്നു.

ജോലിക്കു പോയ മാതാപിതാക്കൾ തിരിച്ചുവന്നപ്പോൾ സമൃതയെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. പോലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ പൂത്തിയാക്കി. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം കുടുംബത്തിന് വിട്ടുനൽകും.

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ക്യാമ്പ് സിറ്റിങ്ങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ ജൂൺ 9, 16, 23, 30 തീയതികളിൽ കോട്ടയത്തും 11, 18, 25 തീയതികളിൽ പുനലൂരിലും 7, 21, 28 തീയതികളിൽ പീരുമേടും 24 ന് തൊടുപുഴയിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.

## മഞ്ഞുമ്മൽ ബോയ്സ് സാമ്പത്തിക തട്ടിപ്പ്; നടൻ സൗബിന് നോട്ടീസ്

കൊച്ചി: മഞ്ഞുമ്മൽ ബോയ്സ് സാമ്പത്തിക തട്ടിപ്പ് കേസിൽ നടൻ സൗബിൻ ഷാഹിറിന് നോട്ടീസ്. 14 ദിവസത്തിനകം അന്വേഷണസംഘത്തിന് മുന്നിൽ ഹാജരാകാനാണ് നിർദേശം.

സൗബിന് പുറമേ ചിത്രത്തിന്റെ സഹനിർമാതാക്കളായ ബാബു ഷാഹിറിനും ഷോൺ ആൻറണിക്കും നോട്ടീസ് നൽകിയിട്ടുണ്ട്. കേസ് റദ്ദാക്കണമെന്ന നിർമാതാക്കളുടെ ആവശ്യം നേരത്തേ ഹൈക്കോടതി തള്ളിയിരുന്നു.

സിനിമയുടെ ലാഭവിഹിതം നൽകിയില്ലെന്ന അരൂർ സ്വദേശി സിറാജ് വലിയതറ ഹമീദിന്റെ പരാതിയിലാണ് ഷോൺ ആൻറണി, സൗബിൻ ഷാഹിർ, ബാബു ഷാഹിർ എന്നിവർക്കെതിരെ കേസെടുത്ത് അന്വേഷണം ആരംഭിച്ചത്.

സിനിമയ്ക്കായി പലപ്പോഴായി മുടക്കിയ ഏഴ് കോടി രൂപയോ ലാഭവിഹിതമോ തിരിച്ചുനൽകിയില്ലെന്നായിരുന്നു സിറാജിന്റെ പരാതി. തുടർന്ന് ഇതിൽ അന്വേഷണത്തിന് എറണാകുളം മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടു. ക്രിമിനൽ ഗൂഢാലോചന, വിശ്വാസവഞ്ചന, വ്യാജരേഖ ചമയ്ക്കൽ തുടങ്ങി ജാമ്യമില്ലാ വകുപ്പുകളാണ് നിർമാതാക്കൾക്കെതിരെ ചുമത്തിയത്.

## ആദ്യം തള്ളലായിരുന്നു വിള്ളൽ വന്നു ഇപ്പോൾ തുള്ളൽ; റിയാസിനെ ട്രോളി സണ്ണി ജോസഫ്

തിരുവനന്തപുരം: ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസിനെ ട്രോളി കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. മന്ത്രിക്ക് ആദ്യം തള്ളൽ, പിന്നെ പാതയിൽ വിള്ളലായി, ഇപ്പോൾ പ്രതിഷേധം വന്നപ്പോൾ തുള്ളലായി എന്നായിരുന്നു സണ്ണിജോസഫിന്റെ പരിഹാസം.

കൂരിയാട് ദേശീയപാത തകർന്ന ഇടത്ത് സന്ദർശനം നടത്താൻ പോലും മന്ത്രി തയാറായില്ലെന്ന് അദ്ദേഹം പറഞ്ഞു. ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് 1000 കോടിയോളം രൂപയുടെ അഴിമതി ഉണ്ട്.

ദേശീയപാതയുടെ അശാസ്ത്രീയമായ നിർമാണത്തിൽ മന്ത്രിക്കും പങ്കുണ്ട്. അതുകൊണ്ടാണ് പ്രതിപക്ഷം ഉയർത്തുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാതെ പ്രതിപക്ഷത്തെ തന്നെ പ്രതികൂട്ടിലാക്കാൻ ശ്രമിക്കുന്നത്. ഇത് ഒരിക്കലും വിലപ്പോവില്ലെന്നും സണ്ണി ജോസഫ് കൂട്ടിച്ചേർത്തു.

## ആഗോള സഹകരണത്തിനും രണ്ട് അത്യാധുനിക എഐ ചിപ്പുകൾ പുറത്തിറക്കാനുമൊരുങ്ങി നേത്രസെമി

തിരുവനന്തപുരം: സംസ്ഥാനത്തെ സെമികണ്ടക്ടർ ആവാസവ്യവസ്ഥയ്ക്ക് ഉത്തേജനമേകി ടെക്നോപാർക്കിലെ എഡ്ജ് എഐ സെമികണ്ടക്ടർ ടെക്നോളജി സ്റ്റാർട്ടപ്പ് നേത്രസെമി ഈ വർഷം രണ്ട് അത്യാധുനിക എഐ ചിപ്പുകൾ പുറത്തിറക്കും. ഇന്ത്യയിലും വിദേശത്തുമുള്ള പ്രധാന സർവൈലൻസ് സ്മാർട്ട് വിഷൻ പ്രൊഡക്ടായ ഒഇഎമ്മുകളുമായി (ഒറിജിനൽ എക്യുപ്മെൻറ് മാനുഫാക്ചേഴ്സ്) സഹകരിക്കാനും ഒരുങ്ങുകയാണ് നേത്രസെമി.

2028 ഓടെ ആഗോളതലത്തിൽ മുൻനിര എൻഡ്ടുഎൻഡ് സ്മാർട്ട് വിഷൻ സിലിക്കൺ സൊല്യൂഷൻ ദാതാക്കളായി മാറാനാണ് കമ്പനി ലക്ഷ്യമിടുന്നത്. നേത്രസെമിയുടെ മൂന്ന് ചിപ്പുകളും 2026 അവസാനത്തോടെ വോളിയം പ്രൊഡക്ഷൻ ഘട്ടത്തിലായിരിക്കുമെന്ന് ടെക്നോപാർക്കിൻറെ ഔദ്യോഗിക വോഡ്കാസ്റ്റായ 'ആസ്പയർ: സ്റ്റോറീസ് ഓഫ് ഇന്നൊവേഷൻ' എന്ന പരിപാടിയിൽ സ്റ്റാർട്ടപ്പിൻറെ ഭാവി പദ്ധതികൾ വെളിപ്പെടുത്തിക്കൊണ്ട് നേത്രസെമി സിഇഒ ജ്യോതിസ് ഇന്ദിരാഭായ് അറിയിച്ചു.

2020 ൽ ജ്യോതിസ് ഇന്ദിരാഭായ്, ശ്രീജിത്ത് വർമ്മ, ദീപ ഗീത എന്നിവർ ചേർന്നാണ് സ്മാർട്ട് ഐഒടി ഉൽപ്പന്നങ്ങൾക്ക് ഒപ്റ്റിമൽ കമ്പ്യൂട്ടിംഗിനുള്ള സിസ്റ്റംസ് ഓൺ ചിപ്പ് (എസ്ഒസിഎസ്) സൊല്യൂഷനുകൾ നിർമ്മിക്കുന്ന നേത്രസെമി ആരംഭിച്ചത്.

എഡ്ജ് എഐ വിപണിയിൽ ആകർഷകമാക്കുന്നതിന് ചിപ്പിൽ മികച്ച ഊർജ്ജ കാര്യക്ഷമതയും പ്രകടനവും ആവശ്യമാണെന്നും ഇത് സാധ്യമാക്കുന്ന വിധത്തിലാണ് നേത്രസെമിയുടെ സിസ്റ്റംഓൺചിപ്പുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളതെന്നും ജ്യോതിസ് പറഞ്ഞു. ഈ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് മൂലധന സമാഹരണത്തിൻറെ വെല്ലുവിളി നേരിടുന്നതിന് രാജ്യത്തെ സെമികണ്ടക്ടർ വ്യവസായവുമായി ശക്തമായ നിക്ഷേപക പരിചയം അത്യന്താപേക്ഷിതമാണെന്നും ജ്യോതിസ് വ്യക്തമാക്കി.

സെമികണ്ടക്ടർ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ നഗരമാണ് തിരുവനന്തപുരമെന്ന് ജ്യോതിസ് ചൂണ്ടിക്കാട്ടി. ഈ മേഖലയിൽ പരിശീലനം ലഭിച്ച ഒരു സംഘത്തെ നേത്രസെമി ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. ടെക്നോപാർക്കിലും കേരളത്തിലുടനീളവും നിരവധി സെമികണ്ടക്ടർ ഉൽപ്പന്ന കമ്പനികളുണ്ട്. അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമേ ടെക്നോപാർക്കിൻറെ ഏറ്റവും വലിയ സംഭാവന കമ്പനികൾക്ക് വളരാനുള്ള മികച്ച സാമൂഹികാന്തരീക്ഷമാണെന്ന് ജ്യോതിസ് പറഞ്ഞു. ഇത് സ്റ്റാർട്ടപ്പുകൾക്ക് പരസ്പരം ഇടപഴകാനും ഭാവിക്ക് അനുയോജ്യമായ സാങ്കേതികവിദ്യകൾ സൃഷ്ടിക്കാനും അവസരമൊരുക്കുന്നു.

ഭാവിയിലെ ഉൽപ്പന്ന നിർമ്മാണത്തിൻറെ ഇന്ധനമാണ് സെമികണ്ടക്ടറുകളെന്ന് ജ്യോതിസ് അഭിപ്രായപ്പെട്ടു. സെമികണ്ടക്ടർ ആവാസവ്യവസ്ഥ നിർമ്മിക്കാൻ രാജ്യങ്ങൾ കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നത്.

വിദേശത്തുനിന്ന് ഉൽപ്പന്നങ്ങളുടെ ഭാഗങ്ങൾ ഇറക്കുമതി ചെയ്യുന്ന പതിവ് ഇന്ത്യയിലുണ്ട്. ഇതിനുപകരം ഉൽപ്പന്ന നിർമ്മാണത്തിനായി ഇന്ത്യയിൽ നിർമ്മിച്ച ചിപ്പ് ഉപയോഗിക്കണം. സെമികണ്ടക്ടർ വികസനം വളരെ ചെലവേറിയ പ്രവർത്തനമാണ്. ഏറ്റവും ലളിതമായ ചിപ്പുകൾക്ക് പോലും ഏകദേശം 30 മില്യൺ യുഎസ് ഡോളർ നിർമ്മാണ ച്ചെലവുണ്ട്.

എഡ്ജ് എഐ രാജ്യത്തിനും കേരളത്തിനും പുതിയ അവസരമാണ്. ഈ സാങ്കേതികവിദ്യയ്ക്കായി ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ നമുക്ക് സാധിക്കും. കേരളത്തിൽ ഒരു സെമി കണ്ടക്ടർ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിൽ ഭൂമിശാസ്ത്ര സാഹചര്യം, ജനസംഖ്യ, വരുമാനം, തൊഴിലിൻറെ ഗുണനിലവാരം തുടങ്ങിയ ഘടകങ്ങൾ സർക്കാർ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതുണ്ട്. രൂപകൽപ്പന, നിർമ്മാണം എന്നിങ്ങനെ സെമികണ്ടക്ടറുകളിൽ ഒന്നിലധികം വിഭാഗങ്ങളുണ്ട്. കേരളത്തിന് അനുയോജ്യമായത് എന്താണെന്ന് സർക്കാർ പഠിക്കുകയും തിരിച്ചറിയുകയും വേണം. സംസ്ഥാനത്തിൻറെ സെമികണ്ടക്ടർ വ്യവസായത്തിനായി ഒരു ഉൽപ്പന്ന ദൗത്യവും 10 വർഷത്തെ പദ്ധതിയും ഉണ്ടായിരിക്കണമെന്നും ജ്യോതിസ് കൂട്ടിച്ചേർത്തു.

പേറ്റൻറ് ചെയ്ത ആർക്കിടെക്ചറിനെ അടിസ്ഥാനമാക്കി ഓൺഡിവൈസ് വീഡിയോ അനലിറ്റിക്സ് കഴിവുകൾക്കായി എഐ, എംഎൽ, വിഷൻ ഹാർഡ്‌വെയർ ആക്സിലറേഷൻ ഐപികൾ ഉള്ള ഇന്ത്യയിലെ ആദ്യത്തെ ചിപ്പ് കമ്പനിയാണ് നേത്രസെമി. ഇന്ത്യയിലെ ആദ്യത്തെ ഡൈടുഡൈ സിലിക്കൺ ഐപി, ചിപ്ലെറ്റ് സൊല്യൂഷൻ ദാതാക്കളിൽ ഒന്നാണിത്. അടുത്തിടെ യൂണികോൺ ഇന്ത്യ വെഞ്ചേഴ്സിൽ നിന്ന് സീഡ് റൗണ്ടുകളിലൂടെ 18.5 കോടി രൂപ ഈ സ്റ്റാർട്ടപ്പ് സമാഹരിച്ചു. കൂടാതെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്ന് ഡിസൈൻലിങ്ക്ഡ് ഇൻസെൻറീവുകളായി 15 കോടി രൂപയും ചിപ്പ്ടുസ്റ്റാർട്ടപ്പ് ഗ്രാൻറായി 5 കോടി രൂപയും ലഭിച്ചു.

നേത്രസെമിയുടെ രണ്ട് ചിപ്പുകൾ (നേത്രഎസ്ഒസിഎ2000, ആർ1000) ലോകത്തിലെ ഏറ്റവും വലിയ ചിപ്പ് നിർമ്മാതാക്കളായ തായ്‌വാൻ സെമികണ്ടക്ടർ മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡിൻറെ (ടിഎസ്എംസി) അഡ്വാൻസ്ഡ് പ്രോസസ് നോഡുകളിൽ നിർമ്മിക്കാൻ തയ്യാറാണ്. ഈ ചിപ്പുകൾ എട്ട് ടിഒപിഎസ് (ടെറാ ഓപ്പറേഷൻസ് പെർ സെക്കൻഡ്) എഐ പ്രോസസിംഗ് കഴിവുകൾ നൽകുന്നു.

സ്മാർട്ട് ക്യാമറകൾ, ഡ്രോണുകൾ, റോബോട്ടുകൾ, ഓട്ടോമൊബൈലുകൾ തുടങ്ങിയവയിൽ അഡ്വാൻസ്ഡ് വീഡിയോ അനലിറ്റിക്സും സെൻസർ ഫ്യൂഷൻ കഴിവുകളും ഇത് പ്രാപ്തമാക്കും.

എൻഡ്ടുഎൻഡ് ചിപ്പ് ഡിസൈനും എഐ ആപ്ലിക്കേഷൻ വികസിപ്പിക്കാനും കഴിവുള്ള 80 അംഗ സംഘമാണ് നേത്രസെമിക്ക് ടെക്നോപാർക്കിലുള്ളത്.

## സയന്റിസ്റ്റ് നിയമനം

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ കോട്ടയം, പാമ്പാടിയിൽ പ്രവർത്തിക്കുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിൽ ഫിസിക്സ്, കെമിസ്ട്രി ബയോളജി, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിൽ കമ്പ്യൂട്ടേഷണൽ ആൻഡ് തിയററ്റിക്കൽ മേഖലകളിൽ 5 സയൻറിസ്റ്റ് തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോമിനും നിയമനവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04812500200.

## അപേക്ഷ ക്ഷണിച്ചു

കേരള വനിതാ കമ്മീഷനിൽ നിലവിലുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നതിനായി നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ അസൽ രേഖകൾ സഹിതം ജൂൺ 25ന് ഉച്ചക്ക് രണ്ടിന് കേരള വനിതാ കമ്മിഷൻ ആസ്ഥാനത്ത് നടത്തുന്ന വാക്ക്ഇൻഇന്റർവ്യൂവിന് ഹാജരാകണം.

യോഗ്യത: (1) ബി.ഇ./ബിടെക് ഇൻ കംപ്യൂട്ടർ, കംപ്യൂട്ടർ സയൻസ്/ഐടി/ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ/എംസി.എ/എം.എസ്.സി. (കംപ്യൂട്ടർ സയൻസ്/ഐടി) (2) സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വിവരസങ്കേതിക മേഖലയുമായി ബന്ധപ്പെട്ട ചുരുങ്ങിയത് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം.

പ്രായ പരിധി: 1836 (സംവരണ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് വയസിളവ് ലഭിക്കും).

## വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ അകകട സോഫ്റ്റ്വെയർ മുഖേനയുള്ള ഏകീകൃത തിരിച്ചറിയൽ കാർഡിനായി രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് നൽകിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമാണെന്ന് ഉറപ്പു വരുത്തണം. ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അപ്ഡേറ്റ് ചെയ്യണം. ക്ഷേമനിധി ബോർഡ് മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ, തൊഴിലാളികൾക്ക് സ്വന്തമായോ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം. ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്, മൊബൈൽ ഫോൺ, റേഷൻ കാർഡ്, ക്ഷേമനിധി ബോർഡിൽ നിന്നും നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡ്, പാസ്ബുക്ക് എന്നീ രേഖകൾ ഹാജരാക്കണം. ജൂലൈ 31 വരെയാണ് അപ്ഡേഷന് അവസരം. ഏകീകൃത ഐഡന്റിറ്റി കാർഡിന് 25 രൂപ നൽകണം.

## വിദ്യാപോഷിണി : ഫെല്ലോഷിപ്പിന് അപേക്ഷിക്കാം

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് വിദ്യാപോഷിണി ഫെലോഷിപ്പിനായി ബിരുദാനന്തര ബിരുദ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദാംശങ്ങളും അപേക്ഷയുടെ മാതൃകയും www.env-t.k-er-a-l-a.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകളും അനുബന്ധ രേഖകളും ജൂൺ 30 ന് മുൻപായി ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ (നാലാം നില), തിരുവനന്തപുരം 695001 വിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712326264,

## എക്സ്കവേറ്റർ ഓപ്പറേറ്റർ പരിശീലനം

സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ എക്സ്കവേറ്റർ ഓപ്പറേറ്റർ പരിശീലനം നൽകുന്നു. 30 പേർക്ക് നബാർഡ് ധനസഹായവും അതിൽ ഏറ്റവും അർഹരായ 10 പേർക്ക് റോട്ടറിയുടെ ഉയരെ സ്കോളർഷിപ്പും ലഭിക്കും. ജൂൺ 23 ന് പരിശീലനം ആരംഭിക്കും.

താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയുമായി ജൂൺ 17 നു മുൻപായി സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.iiic.ac.in, 8078980000.

## അഭിമുഖം

കേരള വനിതാ കമ്മീഷനിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനത്തിന് ജൂൺ 25 ന് അഭിമുഖം നടക്കും. താൽപര്യമുള്ളവർ അസൽ രേഖകൾ സഹിതം ജൂൺ 25 ന് ഉച്ചയ്ക്ക് 2 മണിക്ക് കേരള വനിതാ കമ്മിഷൻ ആസ്ഥാനത്ത് ഹാജരാകണം.

## സർവീസ് സംഘടനകൾക്കുള്ള അറിയിപ്പുകൾ കൃത്യമായി ലഭിക്കാൻ സർക്കാർ നടപടി

സർക്കാർ അംഗീകൃത സർവീസ് സംഘടനകൾക്ക് സർക്കാരുമായുള്ള ചർച്ചകളിൽ പങ്കെടുക്കാനുള്ള അറിയിപ്പുകൾ ലഭിക്കുന്നില്ലെന്ന പരാതിയെ തുടർന്ന് നടപടിയുമായി സംസ്ഥാന സർക്കാർ. അറിയിപ്പുകൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സർവീസ് സംഘടനകളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിനായി ഗൂഗിൾ ഫോം മുഖേന വിവരങ്ങൾ ശേഖരിക്കും. സർക്കാർ അംഗീകൃത സർവീസ് സംഘടനകളും വകുപ്പുതല പ്രതിനിധികളും https://forms.gle/Q3hPYbVmQyoZiWw86 എന്ന ലിങ്കിൽ പ്രവേശിച്ച് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്ന് സർക്കാർ നിർദേശിച്ചു. വകുപ്പ് മേധാവികളും സ്ഥാപന മേധാവികളും തങ്ങളുടെ കീഴിലുള്ള സർവീസ് സംഘടനകളുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.

## കെമാറ്റ് ഫലം പ്രസിദ്ധീകരിച്ചു

202526 വർഷത്തെ എം.ബി.എ കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ മെയ് 31 ന് നടത്തിയ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (കെമാറ്റ്2025) പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. www.cee.kerala.gov.in ൽ ഫലം ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ കാൻഡിഡേറ്റ് പോർട്ടലിൽ നിന്ന് അവരവരുടെ സ്കോർ കാർഡ് ഡൗൺലോഡ് ചെയ്യാം. വിശദ വിവരങ്ങൾക്ക്: 04712332120, 2338487, 2525300.

# ജലസ്രോതസ്സുകളിലെ മൈക്രോപ്ലാസ്റ്റിക്ക് വ്യാപനം കുറയ്ക്കാൻ തുടർച്ചയായ പരിശോധന ആവശ്യമെന്ന് വിദഗ്ധൻ

### ബ്രിക്ആർജിസിബിയിൽ ലോക പരിസ്ഥിതി ദിനാചരണ പ്രഭാഷണം സംഘടിപ്പിച്ചു

തിരുവനന്തപുരം: ജലസ്രോതസ്സുകളിലെ മൈക്രോപ്ലാസ്റ്റിക്ക് മലിനീകരണത്തോത് ആശങ്കാജനകമാണെന്നും സാമ്പിളുകൾ ശേഖരിച്ച് തുടർച്ചയായ പരിശോധനയും വിശകലനവും ആവശ്യമാണെന്ന് നാഷണൽ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്(എൻസിഇഎസ്എസ്) എൻവയോൺമെൻറ് ഹൈഡ്രോളജി ഗ്രൂപ്പിലെ ശാസ്ത്രജ്ഞൻ ഡോ. കെ. അനൂപ് കൃഷ്ണൻ. ബ്രിക്രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി(ആർജിസിബി) ലോക പരിസ്ഥിതി ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ അധ്യക്ഷത വഹിച്ചു. പ്ലാസ്റ്റിക്ക് മാലിന്യത്തിനെതിരെ പൊരുതുക എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന പ്രമേയം.

പല മാർഗങ്ങളിലൂടെയുള്ള മൈക്രോപ്ലാസ്റ്റിക് മാലിന്യങ്ങളുടെ വ്യാപനം ജലസ്രോതസ്സുകൾക്ക് വലിയ പ്രത്യാഘാതമുണ്ടാക്കുന്നുവെന്ന് അനൂപ് കൃഷ്ണൻ പറഞ്ഞു. ആഗോളതലത്തിൽ ഇത് പ്രധാന ആശങ്കയായി മാറിയിട്ടുണ്ട്. എൻസിഇഎസ്എസിൻറെ നേതൃത്വത്തിൽ കേരളത്തിലെ നദികളിലെ വ്യത്യസ്ത മേഖലകളിൽ വിപുലമായും കൃത്യമായ ഇടവേളകളിലും സാമ്പിളിംഗ് പ്രവർത്തനം നടത്തുന്നുണ്ട്. പമ്പ, ആക്കുളം, മണിമല, പെരിയാർ മുതലായ ജലാശയങ്ങളിൽ ഇത് തുടർച്ചയായി നടത്തി വരുന്നു. പമ്പ, പെരിയാർ ഉൾപ്പെടെയുള്ള നദികളിലെ മൈക്രോപ്ലാസ്റ്റിക്ക് മലിനീകരണത്തോത് ആശങ്കാജനകമാണ്. മനുഷ്യ ഇടപെടൽ, ഫാക്ടറികൾ, തോട്ടങ്ങളിലെ കീടനാശിനി പ്രയോഗം എന്നിവയെല്ലാം നദികളെ മലിനമാക്കുന്നുണ്ട്.

സാമ്പിൾ പരിശോധനയിലൂടെ നദികളിലെ മൈക്രോപ്ലാസ്റ്റിക്കിൻറെ അളവ് തിരിച്ചറിയുകയും വലുപ്പം, ആകൃതി, ഡീഗ്രഡേഷൻ പാറ്റേണുകൾ എന്നിവ അടിസ്ഥാനമാക്കി അവ വർഗ്ഗീകരിക്കുകയുമാണ് ചെയ്യുന്നത്. മൈക്രോപ്ലാസ്റ്റിക്കുകൾ മനുഷ്യശരീരത്തെ പ്രതികൂലമായി ബാധിക്കുന്ന ഘനലോഹങ്ങൾ ഉൾപ്പെടെ വഹിക്കുന്നുണ്ട്. മത്സ്യങ്ങളിലും ജലജീവികളിലും മൈക്രോപ്ലാസ്റ്റിക്ക് സാന്നിധ്യം വിശകലനം ചെയ്യുകയും ആരോഗ്യ അപകടസാധ്യത വിലയിരുത്തുകയും സാമൂഹിക അവബോധം നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.




**ബ്രിക്രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി(ആർജിസിബി)യിലെ ലോക പരിസ്ഥിതി ദിനാഘോഷത്തിൽ നാഷണൽ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്(എൻസിഇഎസ്എസ്) എൻവയോൺമെൻറ് ഹൈഡ്രോളജി ഗ്രൂപ്പിലെ ശാസ്ത്രജ്ഞൻ ഡോ. കെ. അനൂപ് കൃഷ്ണൻ സംസാരിക്കുന്നു.**

സമുദ്രജീവികളും കരയിലുള്ളവയും പലപ്പോഴും പ്ലാസ്റ്റിക് മാലിന്യങ്ങൾ വിഴുങ്ങുകയോ അതിൽ കുടുങ്ങുകയോ ചെയ്യുന്നുണ്ട്. ഖരമാലിന്യത്തിൻറെ ഒരു പ്രധാന ഭാഗം മൈക്രോപ്ലാസ്റ്റിക് ആണ്. 2023 ലെ യുഎൻഇപി റിപ്പോർട്ട് അനുസരിച്ച് ആഗോള പ്ലാസ്റ്റിക് ഉൽപ്പാദനം പ്രതിവർഷം 430 ദശലക്ഷം ടണിൽ കൂടുതലാണ്. ഇതിൽ മൂന്നിൽ രണ്ട് ഭാഗത്തിലധികം മാലിന്യമായി മാറുന്നു. ആവാസവ്യവസ്ഥയിലേക്ക് 139 ദശലക്ഷം ടൺ പുറന്തള്ളപ്പെടുന്നു. മൈക്രോപ്ലാസ്റ്റിക് 5 മില്ലിമീറ്ററിൽ താഴെ വലിപ്പമുള്ള കണികകളാണ്. ഇവ ആവാസവ്യവസ്ഥയെ രഹസ്യമായി ആക്രമിച്ച് വലിയ പാരിസ്ഥിതിക ഭീഷണികൾ ഉയർത്തുന്നു. മൈക്രോപ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക്ക് അവശിഷ്ടങ്ങൾ ഭൂമിയുടെ ഫോസിൽ രേഖയുടെ ഭാഗമായി മാറിക്കൊണ്ടിരിക്കുകയാണ്. മൈക്രോപ്ലാസ്റ്റിക്കിൻറെ കണ്ടെത്തലിലും നിരീക്ഷണത്തിലും നിരവധി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അതിൻറെ ലഘൂകരണ തന്ത്രങ്ങളെക്കുറിച്ചുള്ള ഗവേഷണം പരിമിതമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യാതൊരു നിയന്ത്രണവുമില്ലാതെ പ്ലാസ്റ്റിക്ക് ഉപഭോഗം വർധിച്ചുവരികയാണെന്നത് ഏറെ ആശങ്കാജനകമാണെന്ന് പ്രൊഫ. ചന്ദ്രഭാസ് നാരായണ പറഞ്ഞു. ദൈനംദിന ജീവിതത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിൽ എല്ലാവരും പ്രതിബദ്ധത കാണിക്കുന്നതിനൊപ്പം പ്ലാസ്റ്റിക്ക് ബദലുകളെക്കുറിച്ചുള്ള ചിന്തകൾ പ്രസക്തമാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പരിസ്ഥിതി ദിനാചരണത്തിൻറെ ഭാഗമായി സീറോ വേസ്റ്റ് മാനേജ്മെൻറ് കോണ്ടസ്റ്റ്, പുസ്തക പ്രകാശനം, സമ്മാന വിതരണം തുടങ്ങിയവയും നടന്നു.

## നിയമസഭാ സമിതി കോഴിക്കോട് യോഗം ചേരും

കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി ജൂൺ 10 ന് രാവിലെ 10.30 ന് കോഴിക്കോട് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. സമിതിയുടെ പരിഗണനയിലായിരിക്കുന്നതും കോഴിക്കോട് ജില്ലയിൽ നിന്നും സമിതിക്ക് ലഭിച്ചതുമായ ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, ഹർജിക്കാർ എന്നിവരുമായി ചർച്ച ചെയ്തു തെളിവെടുപ്പു നടത്തും, പുതിയ പരാതികൾ സ്വീകരിക്കുകയും ചെയ്യും. താല്പര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും യോഗത്തിൽ നേരിട്ട് ഹാജരായി സമിതി മുൻപാകെ പുതിയ പരാതികൾ സമർപ്പിക്കാം. പരാതികളിൽ മേൽവിലാസത്തിനൊപ്പം ഫോൺ നമ്പർ കൂടി രേഖപ്പെടുത്തണം.

# സർക്കാരിന്റെ നാലാം വാർഷികം : ദേശീയ സരസ് മേള വഴി കുടുംബശ്രീ സംരംഭകർ നേടിയത് പന്ത്രണ്ട് കോടി

### പതിമൂന്ന് ജില്ലകളിൽ എന്റെ കേരളം പ്രദർശനത്തിൽ പങ്കെടുത്തതിലൂടെ നേടിയത് 2.70 കോടിരൂപ

സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്റെ കേരളം പ്രദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയ സരസ്മേളയിൽ 12.09 കോടി രൂപയുടെ വിറ്റുവരവ് നേടി കുടുംബശ്രീ സംരംഭകർ. പതിമൂന്നു ദിവസം നടത്തിയ മേളയിൽ കുടുംബശ്രീ ഉൽപന്ന വിപണനത്തിലൂടെ മാത്രം 11 കോടിയും ഫുഡ് കോർട്ട് വഴി 1,09 കോടി രൂപയും ലഭിച്ചു.

പതിമൂന്ന് ജില്ലകളിൽ സംഘടിപ്പിച്ച 'എന്റെ കേരളം' പ്രദർശനത്തിലും കുടുംബശ്രീ സംരംഭകർ പങ്കെടുത്തിരുന്നു. ഉൽപന്ന വിപണനവും ഫുഡ് കോർട്ടു വഴിയും ആകെ 2.70 കോടി രൂപയുടെ വിറ്റുവരവ് വനിതാ സംരംഭകർ സ്വന്തമാക്കി. ഇതുകൂടി ചേർത്ത് എന്റെ കേരളം പ്രദർശനമേളയുടെ ഭാഗമായി പങ്കെടുത്ത് ആകെ 14.8 കോടി രൂപയുടെ വിറ്റുവരവ് സംരംഭകർ സ്വന്തമാക്കി.

കുടുംബശ്രീയുടേതായി 250ലേറെ ഉൽപന്ന സ്റ്റാളുകളും അമ്പതിലേറെ ഫുഡ് സ്റ്റാളുകളും ദേശീയ സരസ്മേളയുടെ ഭാഗമായി. ഇരു വിഭാഗത്തിലും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സംരംഭകരും പങ്കെടുത്തിരുന്നു.

കോഴിക്കോട് ഒഴികെ ബാക്കി ജില്ലകളിൽ സംഘടിപ്പിച്ച പരിപാടിയിൽ 276 കുടുംബശ്രീ യൂണിറ്റുകൾ പങ്കെടുത്തു.

## കരട് പട്ടിക പ്രസിദ്ധീകരിച്ചു

പിന്നാക്ക ധനസഹായ വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട അഭിഭാഷകർക്ക് ധനസഹായം നൽകി വരുന്ന അഭിഭാഷക ധനസഹായ പദ്ധതിയുടെ 202425 വർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുകൊണ്ടുള്ള താൽക്കാലിക കരട് പട്ടിക www.b-c-d-d.k-er-a-l-a.gov.in, www.egratnz.kerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളുമായി ബന്ധപ്പെടുക.

## തദ്ദേശപൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായി നടത്തും: തിരഞ്ഞെടുപ്പ് കമ്മീഷണർ

2025 ലെ തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായി, ഹരിതചട്ടങ്ങൾ പാലിച്ചു നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ പറഞ്ഞു. പ്ളാസ്റ്റിക് മാലിന്യത്തിനെതിരെ പൊരുതുക എന്ന ഈ വർഷത്തെ പരിസ്ഥിതിദിനപ്രമേയം ഉൾക്കൊണ്ടാകണം തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ. പ്ളാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ പ്ളാസ്റ്റിക് കൈകാര്യം ചെയ്യുകയും വേണമെന്ന് കമ്മീഷണർ പറഞ്ഞു.

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷണർ വൃക്ഷത്തൈ നട്ടു. ചടങ്ങിൽ ജീവനക്കാർ സുഗതകുമാരി രചിച്ച "ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി" എന്ന കവിത ആലപിച്ചു. കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, സ്റ്റാഫ് വെൽഫെയർ ക്ലബ്ബ് സെക്രട്ടറി അനിൽജോണി, കമ്മീഷനിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## 'ഉണർവ്' മൂന്നാം പതിപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഊർജ സംരക്ഷണ പാഠങ്ങൾ പകർന്നു നൽകുന്ന എനർജി മാനേജ്മെന്റ് സെന്ററിന്റെ ബോധവത്കരണ പരിപാടിയായ ഉണർവ് മൂന്നാം എഡിഷന് തുടക്കമായി. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ചടങ്ങ് ഉദ്ഘാടനം ചെയ്തു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ മുഖ്യ പ്രഭാഷണം നടത്തി. അനെർട്ട് സിഇഒ നരേന്ദ്രനാഥ് വേലൂരി ആശംസകളർപ്പിച്ചു. മണക്കാട് ഗവ. ടി ടി ഐ യിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത പരിപാടിയിൽ, എൻജിനീയർ അനൂപ് സുരേന്ദ്രൻ വിദ്യാലയങ്ങൾക്കായി തയ്യാറാക്കിയ ഉണർവ് ബോർഡ് വിതരണം ചെയ്തു. പ്രോജക്ട് എൻജിനീയർ നീനു മറിയം സോളമൻ ഊർജസംരക്ഷണ ക്ലാസ് നയിച്ചു, പഠന സമീപനങ്ങളിലൂടെ ഊർജത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക, വിദ്യാർത്ഥികളിലൂടെയും അധ്യാപകരിലൂടെയും ഈ സന്ദേശം കുടുംബങ്ങളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കുക എന്നതാണ് ഉണർവ് പരിപാടിയുടെ ലക്ഷ്യം. പരിപാടിയിൽ ഇലക്ട്രിക് സൈക്കിൾ പരിചയം, എനർജി മാനേജ്മെന്റ് സെന്റർ ലാബ് സന്ദർശനം, അവബോധ ക്ലാസ്സുകൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ചടങ്ങിന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതവും, ജോയിന്റ് ഡയറക്ടർ എ. എൻ. ദിനേശ് കുമാർ നന്ദിയും രേഖപ്പെടുത്തി.

# അമീബിക്ക് മസ്തിഷ്ക ജ്വരം: രോഗ നിർണയത്തിൽ നിർണായക ചുവടുവയ്പ്പുമായി ആരോഗ്യ വകുപ്പ്

### സംസ്ഥാനത്ത് മസ്തിഷ്ക ജ്വരം ഉണ്ടാക്കുന്ന 5 തരം അമീബകളെ കണ്ടെത്താനുള്ള മോളിക്യുലർ സങ്കേതം വിജയം

അമീബിക്ക് മസ്തിഷ്ക ജ്വരം (അമീബിക്ക് മെനിഞ്ചോഎൻസെഫലൈറ്റിസ്) കണ്ടെത്താനായി സംസ്ഥാനത്ത് സജ്ജമാക്കിയ മോളിക്യുലാർ ലാബിലൂടെ ആദ്യത്തെ അമീബയുടെ രോഗ സ്ഥിരീകരണം നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അമീബിക്ക് മസ്തിഷ്ക ജ്വരത്തിന്റെ പ്രതിരോധത്തിനായി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ മനുഷ്യരിൽ മസ്തിഷ്ക ജ്വരം ഉണ്ടാക്കുന്ന 5 തരം അമിബകളെ (Naegleria fowleri, Acanthamoeba sp., Vermamoeba vermiformis, Balamuthia mandrillaris, Paravahlkampfia francinae) കണ്ടെത്താനുള്ള പിസിആർ ലാബ് സജ്ജമാക്കിയിരുന്നു. ഇതിലാണ് അക്കാന്തമീബ (അരമിവേമാീലയമ) എന്ന അമീബയെ കണ്ടെത്തയതും സ്ഥിരീകരിച്ചതും. നേരത്തെ പിജിഐ ചണ്ഡിഗഢിലായിരുന്നു അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിരുന്നത്. സംസ്ഥാനത്ത് തന്നെ രോഗ സ്ഥിരീകരണം സാധ്യമായതോടെ ചികിത്സയ്ക്കും ഗവേഷണത്തിനും ഏറെ സഹായകരമാകുമെന്നും മന്ത്രി പറഞ്ഞു.അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധത്തിൽ കേരളം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആഗോള തലത്തിൽ 97 ശതമാനം മരണ നിരക്കുള്ള രോഗമാണിത്. മികച്ച പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ മരണ നിരക്ക് 23 ശതമാനമായി കുറയ്ക്കാൻ സാധിച്ചു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും സമയബന്ധിതമായ മികച്ച ചികിത്സയിലൂടെയുമാണ് ഈ നേട്ടം കൈവരിക്കാനായത്. അമീബയെ പ്രതിരോധിക്കാനായി ഏകാരോഗ്യത്തിൽ (വൺ ഹെൽത്ത്) അധിഷ്ഠിതമായി ആക്ഷൻ പ്ലാൻ സംസ്ഥാനം പുതുക്കിയിരുന്നു. രോഗ പ്രതിരോധം, രോഗ നിർണയം, ചികിത്സ എന്നിവ ക്രമീകരിക്കുന്നതിനുള്ള സമഗ്ര ആക്ഷൻ പ്ലാനാണ് തയ്യാറാക്കിയത്. മസ്തിഷ്ക ജ്വരം സംശയിക്കുന്ന എല്ലാ രോഗികളിലും അമീബിക്ക് മസ്തിഷ്ക ജ്വരം നിർണയിക്കാനുള്ള പരിശോധന കൂടി നടത്താൻ നിർദേശം നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് പുറമേ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയും കോഴിക്കോട് മെഡിക്കൽ കോളേജിലേയും മൈക്രോബയോളജി വിഭാഗങ്ങളെ കൂടി അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ രോഗനിർണയത്തിനായുള്ള വിദഗ്ധ കേന്ദ്രങ്ങളായി വികസിപ്പിച്ചെടുക്കും.

## ലോകമെമ്പാടുമുള്ള മലയാളികൾക്ക് മുഖ്യമന്ത്രി ബക്രീദ് ആശംസകൾ നേർന്നു

മുഖ്യമന്ത്രി പിണറായി വിജയൻ ലോകമെമ്പാടുമുള്ള മലയാളികൾക്ക് ബക്രീദ് ആശംസകൾ നേർന്നു. ത്യാഗത്തിന്റേയും സഹനത്തിന്റേയും ആത്മസമർപ്പണത്തിന്റെയും സ്മരണ പുതുക്കിക്കൊണ്ട് നാം ബക്രീദ് ആഘോഷിക്കുകയാണ്. ലോക മുസ്ലീങ്ങളുടെ പരിശുദ്ധ ആഘോഷമായ ബക്രീദ് മലയാളികളുടെ ബലി പെരുന്നാൾ അല്ലെങ്കിൽ വലിയ പെരുന്നാൾ ആണ്. വിശുദ്ധ ഹജ്ജ് കർമ്മത്തിന്റെ പരിസമാപ്തിയായ ബക്രീദ് മനുഷ്യത്വത്തിന്റെ ഏറ്റവും ഉദാത്തമായ ആവിഷ്കാരം ത്യാഗമാണെന്ന് ഓർമിപ്പിക്കുന്ന ദിനം കൂടിയാണെന്ന് മുഖ്യമന്ത്രി സന്ദേശത്തിൽ പറഞ്ഞു. സഹജീവി സ്നേഹത്തിന്റെ ഉദാത്ത മാതൃകകളാണ് ഓരോ ബക്രീദ് ആഘോഷവും. വിശ്വാസികൾ തങ്ങളുടെയത്രയും ശേഷിയില്ലാത്തവരെ ഓർക്കുന്നതും ചേർത്തുപിടിക്കുന്നതും അവരുമായി ഭക്ഷണവും സന്തോഷവും പങ്കുവയ്ക്കുന്നതും അനുകരണീയമാണ്. സ്വന്തം സുഖ സന്തോഷങ്ങളുപേക്ഷിച്ച് മറ്റുള്ളവരുടെ നന്മയ്ക്കായി ആത്മാർപ്പണം ചെയ്യുന്ന മനുഷ്യരാണ് ലോകത്തെ പ്രകാശമാനമാക്കുന്നതെന്ന ഏറ്റവും മഹത്തായ സന്ദേശമാണ് ഓരോ ബക്രീദ് ദിനവും പകരുന്നത്. ജനങ്ങളിൽ കൂടുതൽ ഐക്യവും സൗഹാർദവും അർപ്പണ മനോഭാവവും ഉണ്ടാകാൻ ഈദിന്റെ സന്ദേശം ഉപകരിക്കട്ടെ.

ലോകമെമ്പാടുമുള്ള എല്ലാ മലയാളികൾക്കും പരസ്പര സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും വലിയ പെരുന്നാൾ ആശംസകൾ നേരുന്നതായി മുഖ്യമന്ത്രി സന്ദേശത്തിൽ പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തത്ക്കാൽ ടിക്കറ്റ് ബുക്കിംഗിൽ തട്ടിപ്പ്; 2.5 കോടി വ്യാജ ഐഡികൾ നിർജീവമാക്കി

കൊല്ലം: റെയിൽവേയുടെ തത്ക്കാൽ ടിക്കറ്റ് ബുക്കിംഗിൽ രാജ്യവ്യാപകമായി തട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയതിൻറെ അടിസ്ഥാനത്തിൽ 2.5 കോടി വ്യാജ ഉപഭോക്തൃ ഐഡികൾ ഐആർസിറ്റിസി നിർജീവമാക്കി .

2025 ജനുവരി മുതൽ മേയ് വരെ നടന്ന തത്ക്കാൽ ടിക്കറ്റ് ബുക്കിംഗ് സംബന്ധിച്ച പരിശോധനയിലാണ് വ്യാപക ക്രമക്കേട് ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷൻറെ ശ്രദ്ധയിൽപ്പെട്ടത്.

രാജ്യവ്യാപകമായി ബുക്കിംഗ് വിൻഡോ തുറക്കുമ്പോൾ തത്ക്കാൽ ടിക്കറ്റുകൾ നിമിഷങ്ങൾക്കകം തീർന്നുപോകുന്നത് സംബന്ധിച്ചാണ് ഐആർസിറ്റിസി അന്വേഷണം നടത്തിയത്. ഏജൻറുമാർ വ്യാജ ഐഡികൾ ഉപയോഗിച്ച് ബുക്കിംഗ് സംവിധാനത്തിൽ വലിയ തോതിൽ ദുരൂപയോഗം ചെയ്യുന്നത് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

ഒരു ദിവസത്തെ പരിശോധനയിൽ ബുക്കിംഗ് വിൻഡോ തുറന്ന് അഞ്ച് മിനിറ്റിനുള്ളിൽ ഏകദേശം 2.9 ലക്ഷം പാസഞ്ചർ നെയിം റിക്കാർഡുകൾ (പിഎൻആർ ) കണ്ടെത്തി. ഇവയെല്ലാം ഡിസ്പോസബിൾ ഇ-മെയിൽ വിലാസങ്ങൾ ഉപയോഗിച്ച് സൃഷ്ടിച്ച വ്യാജ അക്കൗണ്ടുകളിലേക്കാണ് ബുക്ക് ചെയ്യപ്പെട്ടതൊന്നും അധികൃതർ സ്ഥിരീകരിച്ചു.

ഇത്തരത്തിലുള്ള 2.5 കോടി അക്കൗണ്ടുകളാണ് ഇപ്പോൾ നിർജീവമാക്കിയിട്ടുള്ളത്. കൂടാതെ സംശയാസ്പദമായ 20 ലക്ഷം അക്കൗണ്ടുകളിൽ വിശദമായ പരിശോധനകൾ നടന്നു വരികയാണെന്നും ഐആർസിറ്റിസി അധികൃതർ വ്യക്തമാക്കി.

വ്യാജ അക്കൗണ്ടുകൾ സൃഷ്ടിക്കാൻ ഉപയോഗിച്ചിരുന്ന 6800ൽ അധികം ഡിസ്പോസബിൾ ഇമെയിൽ ഡൊമെയ്നുകളും തടഞ്ഞിട്ടുണ്ട്. തട്ടിപ്പു സംഘങ്ങളെ നിയമപരമായി പിടികൂടുന്നതിന് ഐആർസിറ്റിസി നാഷണൽ സൈബർ ക്രൈം പോർട്ടലിൽ ഇതിനകം 134 പരാതികളും ഫയൽ ചെയ്തിട്ടുണ്ട്.

അതേ സമയം ഈ തട്ടിപ്പ് റെയിൽവേ മന്ത്രാലയവും അതീവ ഗൗരവമായാണ് എടുത്തിട്ടുള്ളത്. വിഷയത്തിൽ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷണവും പ്രതികരണവുമായി രംഗത്ത് വന്നു. തത്ക്കാൽ ടിക്കറ്റ് ബുക്കിംഗിന് ഇ-ആധാർ പരിശോധന നിർബന്ധമാക്കാൻ റെയിൽവേ മന്ത്രാലയം തീരുമാനിച്ച് കഴിഞ്ഞു.

ഇത് ഈ മാസം അവസാനത്തോടെ പ്രാബല്യത്തിൽ വരുമെന്ന് മന്ത്രി എക്സിലൂടെ അറിയിച്ചു. തത്ക്കാൽ ടിക്കറ്റുകളുടെ ദുരൂപയോഗവും പൂഴ്ത്തിവയ്പ്പും തടയുക എന്നതാണ് ലക്ഷ്യമാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ഓൺലൈൻ ബുക്കിംഗ് സമയത്ത് യാത്രക്കാരുടെ ആധാർ അടക്കമുള്ള തിരിച്ചറിയൽ വിവരങ്ങൾ ഡിജിറ്റലായി പരിശോധിച്ച് ഉറപ്പിച്ച ശേഷമായിരിക്കും ടിക്കറ്റുകൾ ബുക്ക് ചെയ്ത് നൽകുക. കൗണ്ടർ വഴിയുള്ള ടിക്കറ്റ് ബുക്കിംഗിനും ആധാർ പരിശോധന നിർബന്ധവും കർശനവുമാക്കാനാണ് റെയിൽവേ മന്ത്രാലയത്തിൻറെ തീരുമാനം.

## ഭക്ഷണം വൈകിയതിന് ബാർ ഹോട്ടലിൽ ആക്രമണം; കൊല്ലം സ്വദേശികൾ പിടിയിൽ

തിരുവനന്തപുരം: വർക്കലയിൽ ഭക്ഷണം വൈകിയതിന് ബാർ ഹോട്ടലിൽ ആക്രമണം. കൊല്ലം ചവറ സ്വദേശിയായ ആറുപേർ പിടിയിലായി. മദ്യപിച്ചതിന് ശേഷം ഓർഡർ ചെയ്ത ഭക്ഷണം വന്നില്ലെന്ന് പറഞ്ഞാണ് ഇവർ ജീവനക്കാരെ മർദിച്ചത്.

ചൊവ്വാഴ്ച വൈകീട്ട് പത്തോടെ വർക്കലയിലെ ഒരു ബാർ ഹോട്ടലിലാണ് സംഭവം നടന്നത്. ബാറിൽ വച്ച് തന്നെ ആറുപേരും പ്രശ്നമുണ്ടാക്കിയിരുന്നുവെന്നും അതിന് ശേഷം തങ്ങളുടെ താമസ സ്ഥലത്ത് വന്നും അസഭ്യം പറഞ്ഞെന്നും ജീവനക്കാർ ആരോപിക്കുന്നു. പിന്നാലെ ജീവനക്കാർ പോലീസിനെ വിവരമറിയിക്കുകയായിരുന്നു.

അക്രമികൾ ബാർ ഹോട്ടലിലെ സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തതായി പരാതിയിൽ പറയുന്നു. പരാതി അന്വേഷിക്കാൻ എത്തിയ പോലീസുകാരന്റെ നെയിം ബോർഡ് ഉൾപ്പെടെ അക്രമികൾ വലിച്ചുകീറിയെന്നാണ് വിവരം. പോലീസുകാരും നാട്ടുകാരും ചേർന്നാണ് അക്രമികളെ തടഞ്ഞുവച്ചത്. അക്രമികളുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട്ട് പെൺവാണിഭ കേന്ദ്രത്തിൽ റെയ്ഡ്; ഒൻപത് പേർ അറസ്റ്റിൽ

കോഴിക്കോട്: മലാപ്പറമ്പിൽ പെൺവാണിഭ കേന്ദ്രത്തിൽ പോലീസ് റെയ്ഡ്. ആറ് സ്ത്രീകൾ ഉൾപ്പെടെ ഒൻപത് പേരാണ് അറസ്റ്റിലായത്. മലാപ്പറമ്പിലെ ഇയ്യപ്പാടി റോഡിലെ അപ്പാർട്ട്മെൻറിലാണ് പോലീസ് പരിശോധന നടത്തിയത്.

ഇവിടം കേന്ദ്രീകരിച്ച് പെൺവാണിഭ സംഘം പ്രവർത്തിക്കുന്നുവെന്ന വിവരത്തിൻറെ അടിസ്ഥാനത്തിലാണ് പോലീസ് റെയ്ഡിനെത്തിയത്. അറസ്റ്റിലായ ഒൻപത് പേരിൽ രണ്ട് പേർ ഇടപാടുകാരാണെന്ന് പോലീസ് പറയുന്നു. ഇവരെ നടക്കാവ് സ്റ്റേഷനിലേക്ക് കൊണ്ടുപോയിരിക്കുകയാണ്.

ഏറെ നാളായി ഇവിടെ പെൺവാണിഭ സംഘം പ്രവർത്തിച്ചിരുന്നുവെന്നാണ് പോലീസ് പറയുന്നത്. പെട്ടെന്ന് ആരുടെയും ശ്രദ്ധ എത്തിച്ചേരുന്ന സ്ഥലമല്ല ഇതെന്നും പോലീസ് വ്യക്തമാക്കി.

എന്നാൽ സംഭവത്തെക്കുറിച്ച് അറിയില്ലെന്നാണ് അപ്പാർട്ട്മെൻറ് ഉടമയുടെ പ്രതികരണം. വാടകയ്ക്ക് കൊടുത്തത് ബെഹറിൻ ഫുട്ബോൾ ടീമിൻറെ ഫിസിയോ തെറാപ്പിസ്റ്റായ ഒരാൾക്കാണെന്നും. വാടക നൽകുന്നത് ഓൺലൈനായിട്ട് ആയതിനാൽ നേരിട്ട് ബന്ധപ്പെടേണ്ട ആവശ്യം ഉണ്ടായിട്ടില്ലെന്നും ഇദ്ദേഹം വ്യക്തമാക്കി.

## സർക്കാരിന്റെ നാലാം വാർഷികം: ദേശീയ സരസ് മേള വഴി കുടുംബശ്രീ സംരംഭകർ നേടിയത് പന്ത്രണ്ട് കോടി

തിരുവനന്തപുരം: സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്റെ കേരളം പ്രദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയ സരസ്മേളയിൽ 12.09 കോടി രൂപയുടെ വിറ്റുവരവ് നേടി കുടുംബശ്രീ സംരംഭകർ. പതിമൂന്നു ദിവസം നടത്തിയ മേളയിൽ കുടുംബശ്രീ ഉൽപന്ന വിപണനത്തിലൂടെ മാത്രം 11 കോടിയും ഫുഡ് കോർട്ട് വഴി 1,09 കോടി രൂപയും ലഭിച്ചു.

പതിമൂന്ന് ജില്ലകളിൽ സംഘടിപ്പിച്ച 'എന്റെ കേരളം' പ്രദർശനത്തിലും കുടുംബശ്രീ സംരംഭകർ പങ്കെടുത്തിരുന്നു. ഉൽപന്ന വിപണനവും ഫുഡ് കോർട്ടു വഴിയും ആകെ 2.70 കോടി രൂപയുടെ വിറ്റുവരവ് വനിതാ സംരംഭകർ സ്വന്തമാക്കി.

ഇതുകൂടി ചേർത്ത് എന്റെ കേരളം പ്രദർശനമേളയുടെ ഭാഗമായി പങ്കെടുത്ത് ആകെ 14.8 കോടി രൂപയുടെ വിറ്റുവരവ് സംരംഭകർ സ്വന്തമാക്കി.

കുടുംബശ്രീയുടേതായി 250-ലേറെ ഉൽപന്ന സ്റ്റാളുകളും അമ്പതിലേറെ ഫുഡ് സ്റ്റാളുകളും ദേശീയ സരസ്മേളയുടെ ഭാഗമായി. ഇരു വിഭാഗത്തിലും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സംരംഭകരും പങ്കെടുത്തിരുന്നു.

കോഴിക്കോട് ഒഴികെ ബാക്കി ജില്ലകളിൽ സംഘടിപ്പിച്ച പരിപാടിയിൽ 276 കുടുംബശ്രീ യൂണിറ്റുകൾ പങ്കെടുത്തു.

## തദ്ദേശസ്ഥാപനങ്ങളിൽ സംഭാവന: ചുങ്കപ്പിരിവിനു വഴിയൊരുക്കുമെന്ന് രമേശ് ചെന്നിത്തല

തിരുവനന്തപുരം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പൊതുജനങ്ങളിൽ നിന്നു പിരിവു നടത്താം എന്ന സർക്കാർ ഉത്തരവ് വ്യാപകമായ അനധികൃത ചുങ്കപ്പിരിവിനു വഴിയൊരുക്കുമെന്നു കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല.

ഇതിലൂടെ സാധാരണക്കാരുടെ ജനജീവിതം ദുഃസഹമാക്കും. ഇത് വൻ അഴിമതിക്കു കളമൊരുക്കുന്ന ഒന്നാണ്.

ഈ ഉത്തരവ് അടിയന്തരമായി പിൻവലിക്കണം. ഇല്ലാത്ത പക്ഷം ഓരോ ആവശ്യങ്ങൾക്കും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ കയറിയിറങ്ങുന്ന സാധാരണക്കാർ സർക്കാർ അനുമതിയോടുള്ള വൻ ചൂഷണത്തിനും പിരിവിനും വിധേയരാകേണ്ടി വരുമെന്നു ചെന്നിത്തല പറഞ്ഞു.

## ബംഗളൂരു ദുരന്തം: ആർസിബി മാർക്കറ്റിംഗ് മേധാവി അറസ്റ്റിൽ

ബംഗളൂരു: ഐപിഎൽ വിജയാഘോഷത്തിനിടെ ചിന്നസ്വാമി സ്റ്റേഡിയത്തിലുണ്ടായ തിക്കിലും തിരക്കിലും പെട്ട് 11 പേർ മരിച്ച സംഭവത്തിൽ ആർസിബിയുടെ മാർക്കറ്റിംഗ് മേധാവി നിഖിൽ സോസലെ അറസ്റ്റിൽ. ബംഗളൂരു വിമാനത്താവളത്തിൽ വച്ചാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

ബംഗളൂരു ദുരന്തവുമായി ബന്ധപ്പെട്ടുള്ള ആദ്യ അറസ്റ്റാണിത്. ആർസിബി അധികൃതരുടെ അറസ്റ്റിന് അടക്കം വ്യാഴാഴ്ച രാത്രി ചേർന്ന മന്ത്രിസഭായോഗം ഉത്തരവിട്ടിരുന്നു. ഇതിന് പിന്നാലെയാണ് നടപടി.

സംഭവത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനും കർണാടക സ്റ്റേറ്റ് ക്രിക്കറ്റ് അസോസിയേഷനുമെതിരെ പോലീസ് കേസെടുത്തിരുന്നു. പരിപാടിയുടെ നടത്തിപ്പുകാരായിരുന്ന ഡിഎൻഎ എന്ന ഇവൻറ് മാനേജ്മെൻറ് കമ്പനിക്കെതിരെയും എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബുധനാഴ്ച വൈകിട്ടാണ് രാജ്യത്തെ നടുക്കിയ അപകടം ഉണ്ടായത്. ചിന്നസ്വാമി സ്റ്റേഡിയത്തിന് പുറത്തെ വിക്ടറി പരേഡിൽ പങ്കെടുക്കാനെത്തിയ നിരവധി പേർ തിക്കിലും തിരക്കിലും പെടുകയായിരുന്നു.

## ഭവന-വാഹന വായ്പാ പലിശ കുറയും; റിപ്പോ നിരക്ക് കുറച്ച് ആർബിഐ

ന്യൂഡൽഹി: റിപ്പോ നിരക്ക് അരശതമാനം കുറച്ച് ആർബിഐ. ഇതോടെ റിപ്പോ നിരക്ക് 5.50 ശതമാനത്തിലെത്തി. ഇത് മൂന്നാം തവണയാണ് ആർബി ഐ തുടർച്ചയായി റിപ്പോ നിരക്ക് കുറയ്ക്കുന്നത്.

ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിലുള്ള മോണിറ്ററി പോളിസി കമ്മിറ്റി രണ്ട് ദിവസത്തെ ധനനയ യോഗത്തിന് ശേഷമാണ് ഇന്ന് നിരക്കുകൾ പ്രഖ്യാപിച്ചത്. പണപ്പെരുപ്പം കുറയുന്നതോടൊപ്പം വളർച്ചയ്ക്ക് മുൻഗണന നൽകേണ്ട സാഹചര്യവും കണക്കിലെടുത്താണ് തുടർച്ചയായി മൂന്നാം തവണയും നിരക്ക് കുറയ്ക്കാൻ റിസർവ് ബാങ്ക് തയാറായത്. റിപ്പോ നിരക്കിൽ 50 ബേസിസ് പോയിൻറുകളാണ് ഇടിവ് വന്നിരിക്കുന്നത്. ആബിഐയുടെ ഭവനവായ്പ എടുത്തിട്ടുള്ള വർക്കുൾപ്പെടെ ഇത് നേട്ടമാകും. റിപ്പോ അധിഷ്ഠിത ലോണുകളുടെ എല്ലാം പലിശ നിരക്ക് കുറയും. ഭവന വായ്പയുടെ ഇഎംഐ കാലാവധി കുറയും.

## സ്പോട്ട് അഡ്മിഷൻ

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 202527 ബാച്ചിലേക്ക് സ്പോട്ട് അഡ്മിഷൻ ജൂൺ 9 ന് രാവിലെ 10 മുതൽ കിക്മ കോളേജ് ക്യാമ്പസിൽ നടക്കും. കേരള സർവ്വകലാശാലയുടെയും എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്.

സ്പോട്ട് അഡ്മിഷനിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്തവർക്ക് meet.google.com/eyb-pkoq-ruy ലിങ്കിലൂടെ ഓൺലൈനായി ചേരാം. 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദവും പ്രവേശന പരീക്ഷയുമാണ് അടിസ്ഥാന യോഗ്യത. കൂടുതൽ വിവരങ്ങൾക്ക്: 9496366741, 8547618290,

## പരീക്ഷാ വിജ്ഞാപനം

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെ ജി സി എൻജിനയറിംഗ് ഏപ്രിൽ2025 (റിവിഷൻ 2003 & 2022) പരീക്ഷ വിജ്ഞാപനം www.sbte.k-er-a-l-a.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

## എൻ.ആർ.ഐ സീറ്റിലേക്ക് അപേക്ഷിക്കാം

പൂജപ്പുര എൽ.ബി.എസ്. വനിതാ എൻജിനീയറിങ് കോളേജിൽ ബി.ടെക് എൻ.ആർ.ഐ സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സിവിൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ എൻജിനീയറിങ്, ഇൻഫർമേഷൻ ടെക്നോളജി, ബ്രാഞ്ചുകളിലെ ഒഴിവുള്ള എൻ.ആർ.ഐ സീറ്റുകളിലേക്കാണ് ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. കീം പ്രവേശന പരീക്ഷ ആവശ്യമില്ല. ജൂൺ 11 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9447900411, 9495207906, 9400540958.

## നിയന്ത്രണംവിട്ട കാർ പാറയിൽ ഇടിച്ച് യുവതി മരിച്ചു

കോട്ടയം: രാമപുരത്തിന് സമീപം ചൂരപേട്ട വളവിൽ കാർ നിയന്ത്രണംവിട്ട് പാറയിൽ ഇടിച്ച് യുവതി മരിച്ചു. തെള്ളകം സ്വദേശി ജോസ്നയാണ് മരിച്ചത്. കാറിലുണ്ടായിരുന്ന സുഹൃത്ത് നീതുവിന് പരിക്കേറ്റു. ബുധനാഴ്ച വൈകീട്ട് ആറരയോടെയായിരുന്നു അപകടം.

കാർ ഓടിച്ചിരുന്ന വേളൂർ സ്വദേശി രഞ്ജിത്ത്, കാണക്കാരി സ്വദേശി ജോജോ എന്നിവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

മെഡിക്കൽ റെപ്രസൻറേറ്റീവായി ജോലി ചെയ്യുന്ന സംഘം തൊടുപുഴയിൽനിന്നും ഏറ്റുമാനൂർ ഭാഗത്തേക്ക് വരികയായിരുന്നു. രാമപുരം പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

## സെമിനാർ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ വിദേശത്തും സ്വദേശത്തും വൻ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന ലോജിസ്റ്റിക്സിന്റെ അനന്ത സാധ്യതകളെക്കുറിച്ചറിയാൻ സൗജന്യ സെമിനാർ സംഘടിപ്പിക്കും. ജൂൺ 9ന് രാവിലെ 10 മണിക്ക് പാളയം സ്പെൻസർ ജംഗ്ഷനിലുള്ള കെൽട്രോൺ നോളജ് സെന്ററിലാണ് സെമിനാർ. കൂടുതൽ വിവരങ്ങൾക്ക്: 8590605271, 0471 2337450 നമ്പറുകളിൽ ബന്ധപ്പെടാം.

## സേലത്ത് വാഹനാപകടം; ഷൈൻ ടോമിൻറെ പിതാവ് മരിച്ചു; ഷൈനിന് പരിക്ക്

ചെന്നൈ: തമിഴ്നാട് സേലത്തുവച്ച് ഉണ്ടായ വാഹനാപകടത്തിൽ നടൻ ഷൈൻ ടോമിൻറെ പിതാവ് ചാക്കോ മരിച്ചു. അപകടത്തിൽ ഷൈനിനും അമ്മയ്ക്കും സഹോദരനും വാഹനമോടിച്ചിരുന്ന അസിസ്റ്റൻറിനും പരിക്കുണ്ട്.

ഇവരെ ധർമപുരിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഷൈനിൻറെ കൈക്ക് ശസ്ത്രക്രിയ വേണ്ടിവരുമെന്നാണ് വിവരം.

ഇന്ന് പുലർച്ചെ സേലം-ബംഗളൂരു ദേശീയപാതയിൽവച്ചാണ് ഷൈൻ ടോമും കുടുംബവും സഞ്ചരിച്ച വാഹനം അപകടത്തിൽപ്പെട്ടത്. ട്രാക്കുമാറിയെത്തിയ ലോറി ഷൈനും കുടുംബവും സഞ്ചരിച്ച കാറിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

ഷൈനിൻറെ ചികിത്സയ്ക്കായി ബംഗളൂരുവിലേക്ക് പോകുമ്പോഴായിരുന്നു അപകടമെന്നാണ് വിവരം. വ്യാഴാഴ്ച രാത്രി പത്തോടെയാണ് എറണാകുളത്ത് നിന്നും ഇവർ യാത്ര തിരിച്ചത്.

## തെന്നല ബാലകൃഷ്ണപിള്ളയുടെ ദേഹവിയോഗം രാഷ്ട്രീയ രംഗത്ത് നികത്താനാകാത്ത നഷ്ടം: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

കോൺഗ്രസിന്റെ സുവർണ കാലത്ത് കേരള രാഷ്ട്രീയത്തിൽ അജയ്യനായ നേതാവായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃ പദവിയിൽ ജ്വലിച്ചു നിന്ന തെന്നല ബാലകൃഷ്ണപിള്ളയുടെ ദേഹവിയോഗം രാഷ്ട്രീയ രംഗത്ത് നികത്താനാകാത്ത നഷ്ടമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് രജിസ്ട്രേഷൻ മ്യൂസിയം പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. പാർട്ടിക്കകത്ത് യുവജനങ്ങൾക്ക് അവസരവും അംഗീകാരവും നൽകി യുവാക്കൾക്ക് നിറഞ്ഞ പ്രോത്സാഹനം നൽകിയ തെന്നല തികച്ചും മാതൃകാപരമായി പ്രവർത്തിച്ച നേതാവായിരുന്നുവെന്നും അദ്ദേഹത്തിന്റെ വിയോഗത്തിൽ അഗാധമായ അനുശോചനവും അന്ത്യാഞ്ജലിയും രേഖപ്പെടുത്തുന്നുവെന്നും മന്ത്രി അനുശോചന സന്ദേശത്തിൽ അറിയിച്ചു.

## കള്ളക്കടൽ പ്രതിഭാസം : ജാഗ്രത നിർദ്ദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരളത്തിലെ കൊല്ലം (ആലപ്പാട് മുതൽ ഇടവ വരെ), തിരുവനന്തപുരം (കാപ്പിൽ മുതൽ പൊഴിയൂർ വരെ) ജില്ലകളിലെ തീരപ്രദേശങ്ങളിലും കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിലും ഇന്ന് (ജൂൺ 6) രാത്രി 08.30 വരെ 0.8 മുതൽ 1.4 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്: ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഡ്യൂട്ടി ലീവ് അനുവദിച്ചു

നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ നടക്കാനിരിക്കുന്ന ഉപതിരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ടർമാർക്ക് വോട്ടർ വിവര സ്ലിപ്പ് വിതരണം ചെയ്യുന്നതിന് ബൂത്ത് ലെവൽ ഓഫീസർമാർക്ക് (ബിഎൽഒ) ഡ്യൂട്ടി ലീവ് അനുവദിച്ച് സർക്കാർ ഉത്തരവ്. ജൂൺ 6 മുതൽ 14 വരെയുള്ള കാലയളവിൽ ബിഎൽഒമാർക്ക് തങ്ങളുടെ സൗകര്യത്തിനനുസരിച്ച് രണ്ട് ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിക്കും.

വീടുകൾ സന്ദർശിച്ച് സ്ലിപ്പുകൾ വിതരണം ചെയ്യേണ്ട ഉത്തരവാദിത്തമാണ് ബിഎൽഒമാർക്കുള്ളത്. നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ അംഗീകരിച്ച ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് വകുപ്പ് മേധാവികൾ ഈ അവധി അനുവദിക്കണമെന്ന് ഉത്തരവിൽ നിർദേശിക്കുന്നു. 2025 മെയ് 25ന് ഇലക്ഷൻ കമ്മിഷൻ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം.

## കാലാവസ്ഥാവ്യതിയാനവും പ്ലാസ്റ്റിക് മാലിന്യവും സമുദ്രജൈവ വൈവിധ്യത്തിന് ഭീഷണി ഉയർത്തുന്നതായി ശാസ്ത്രജ്ഞർ

കൊച്ചി: കാലാവസ്ഥാവ്യതിയാനവും പ്ലാസ്റ്റിക് മാലിന്യവും സമുദ്രജൈവ വൈവിധ്യത്തിന് കടുത്ത ഭീഷണി ഉയർത്തുന്നതായി ശാസ്ത്രജ്ഞർ. ഇന്ത്യയുൾപ്പെടെ 19 രാജ്യങ്ങളിലെ ശാസ്ത്രജ്ഞർക്കിടയിൽ നടത്തിയ ആഗോള സർവെയിലാണ് ഈ വെളിപ്പെടുത്തൽ. ലോക സമുദ്രദിനത്തിന് (ജൂൺ 8) മുന്നോടിയായി മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിലാണ് (എംഎസ് സി) 58 വിദഗ്ധർക്കിടയിൽ സർവേ നടത്തിയത്.

കാലാവസ്ഥാവ്യതിയാനമാണ് കടൽ ആവാസവ്യവസ്ഥ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയെന്ന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു. കടലിൽ ചൂട് കൂടൽ, സമുദ്രനിരപ്പ് ഉയരൽ തുടങ്ങിയവ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളാണ്. മാലിന്യം, ആവാസകേന്ദ്രങ്ങളിലെ മാറ്റങ്ങൾ എന്നിവയും പ്രധാന ഭീഷണികളാണ്.

സമുദ്രോപരിതല താപനില കൂടുന്നതും ചുഴലിക്കാറ്റുകളിലുണ്ടായ വർധനവും പ്രധാന വെല്ലുവിളികളാണെന്ന് ഇന്തയിൽ നിന്ന് സർവേയിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇത് കടലിലെ ഭക്ഷ്യശൃംഖലയെ ദോശകരമായി ബാധിക്കുന്നു. അതുവഴി മത്സ്യസമ്പത്തിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും ഭീഷണിയാകുന്നു.

ഇന്ത്യൻ മഹാസമുദ്രത്തിൽ ചൂട് കൂടിവരികയാണ്. ഇതാണ് ചുഴലിക്കാറ്റുകൾ പോലുള്ളവ വർധിക്കാനിടയാക്കുന്നത്. കടലിൽ ചൂട് കൂടുന്നത് മീനുകളുടെ ഉൽപാദനക്ഷമതയെ സാരമായി ബാധിക്കുന്നു. വാണിജ്യ പ്രാധാന്യമുള്ള പല മീനുകൾ കുറയാനും കാരണമാകുന്നുണ്ടെന്ന് സസ്റ്റയിനബിൾ സീഫുഡ് നെറ്റ് വർക് ഓഫ് ഇന്ത്യ ചെയർമാൻ ഡോ സുനിൽ മുഹമ്മദ് പറഞ്ഞു. അദ്ദേഹമുൾപ്പെടെ മൂന്ന് പേരാണ് ഇന്ത്യയിൽ നിന്ന് സർവേയിൽ അഭിപ്രായങ്ങൾ പങ്കുവെച്ചത്.

ഇന്ത്യയുടെ സമുദ്രമത്സ്യമേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി പ്ലാസ്റ്റിക് മാലിന്യമാണെന്ന് സർവേ ചൂണ്ടിക്കാട്ടുന്നു. കരയിൽ നിന്നും ധാരാളമായി പ്ലാസ്റ്റിക്കുകൾ കടലിലെത്തുന്നത് വർധിച്ചുവരികയാണ്. തീരക്കടലുകളിലെ മത്സ്യബന്ധനം നടത്തുന്ന ചെറുകിട മത്സ്യത്തൊഴിലാളികളെ ഇത് സാരമായി ബാധിക്കുന്നു. തീരക്കടലുകളിൽ നിന്നുള്ള മത്സ്യബന്ധനവലകളിൽ 5 ശതമാനം വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടങ്ങിയിരിക്കുന്നതായും സർവേ ഫലം പറയുന്നു.

കുഫോസ് വകുപ്പ് മേധാവി ഡോ എം കെ സജീവൻ, കുസാറ്റ് അസോസിയേറ്റ് പ്രൊഫസർ ഡോ എസ് ബാബു എന്നിവരാണ് ഇന്ത്യയിൽ നിന്ന് സർവേയിൽ പങ്കെടുത്ത മറ്റ് രണ്ട് പേർ.

ശരിയായ ഫിഷറീസ് മാനേജ്മെന്റും പാരിസ്ഥിതിക ശ്രദ്ധയുമുണ്ടയാൽ സമുദ്രമേഖലയിലെ ഇത്തരം ഭീഷണികൾ ഒരു പരിധിവരെ ചെറുക്കാമെന്ന് ഇവർ പറഞ്ഞു. വെല്ലുവിളികളെ നേരിടാൻ ശാസ്ത്ര-സാങ്കേതിക രംഗത്തെ മുന്നേറ്റം പ്രതീക്ഷക്ക് വക നൽകുന്നതാണ്. അന്താരാഷ്ട്ര ഉടമ്പടികളും നയരൂപീകരണങ്ങളും ആവശ്യമാണ്-സർവേ ചൂണ്ടിക്കാട്ടി.

സുസ്ഥിര മത്സ്യബന്ധന രീതികൾക്കും സീഫുഡ് വിതരണ ശൃംഖലക്കും ആഗോളതലത്തിൽ അംഗീകൃത മാനദ്ണ്ഡങ്ങൾ നിശ്ചയിക്കുന്ന അന്താരാഷ്ട്ര ഏജൻസിയാണ് എം എസ് സി.